# പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.211 — 21.02.2011-ൽ മറുപടിക്ക്

### മെഡിക്കൽ കോളേജുകളുടെ ആധുനികവൽക്കരണം.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. എൻ. വാസവൻ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. എ. പ്രദീപ് കുമാർ<br>പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീമതി. പി. കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| എ) മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) & ബി) കേരളത്തിലെ 5 ഗവൺമെന്റ് മെഡിക്കൽ കോളേജുകളും അതിനോടനുബന്ധിച്ചുള്ള ആശുപത്രികളും 5 വർഷംകൊണ്ട് മികവിന്റെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. ഭൗതിക സൗകര്യത്തിന്റെ കാര്യത്തിലും അക്കാഡമിക് നിലവാരത്തിന്റെ കാര്യത്തിലും സർവ്വോപരി ചികിത്സാ സൗകര്യങ്ങളുടെ കാര്യത്തിലും ഈ ആധുനിക കാലഘട്ടത്തിൽ അവശ്യം വേണ്ടുന്ന മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലും ഇന്ത്യയിലും ഏതൊരു പ്രൈവറ്റ്/സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിലും ലഭ്യമാകുന്ന നൂതനമായ എല്ലാ ചികിത്സാ സൗകര്യങ്ങളും അതിനുവേണ്ടുന്ന ആധുനിക ഉപകരണങ്ങളും കേരളത്തിലെ ഗവൺമെന്റ് മെഡിക്കൽകോളേജ് ആശുപത്രികളിൽ ഇന്ന് ലഭ്യമാണ്.<br><br>മെഡിക്കൽ കോളേജുകളുടെയും ആശുപത്രികളുടെയും ആധുനീകരണത്തിനും നവീകരണത്തിനും, പുതിയ കെട്ടിടങ്ങളും ഹോസ്റ്റലുകളും പണിയുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും കൂടി 800-ഓളും കോടി രൂപ 5 മെഡിക്കൽ കോളേജുകളിലായി കഴിഞ്ഞ 2006 മെയ്മാസത്തിനുശേഷം ചെലവഴിച്ചിട്ടുണ്ട്. |

മെഡിക്കൽ കോളേജുകളിൽ കോഴിക്കോടും കോട്ടയത്തും ആലപ്പുഴയിലും 'സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്' ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കാൻ ഈ കാലയളവിലാണ് നടപടിയുണ്ടായത്. 5 മെഡിക്കൽ കോളേജുകളിലായി താഴെപ്പറയുന്ന രീതിയിൽ അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചു.

<u>തിരുവനന്തപുരം മെഡിക്കൽകോളജ്:-</u> ജീവൻ രക്ഷിക്കാനുള്ള വെന്റിലേറ്റർ 2006 വരെ ഐ.സി.യു. വിൽ മാത്രമേ ഉണ്ടായിരുന്നു അതും പത്തിൽതാഴെ മാത്രമായിരുന്നു ഇപ്പോൾ എല്ലാ ഡിപ്പാർട്ട്മെന്റിലും ആദ്യമായി കാഷ്വാലിറ്റിയിൽ സ്ഥാപിച്ച 2 വെന്റിലേറ്റർ ഉൾപ്പെടെ ഇപ്പോൾ 35 വെന്റിലേറ്റർ പ്രവർത്തിച്ചുവരുന്നു. രണ്ട് സി.ടി. സ്കാൻ പ്രവർത്തിക്കുന്നു. ഒരെണ്ണം ഏറ്റവും ആധുനികമായ 128 Slice CT Scan ആണ്. രണ്ട് കാത്ത് ലാബ്, സ്തനാർബുദം കണ്ടുപിടിക്കാനുള്ള 'മാമോഗ്രം' എന്നിവയും ലഭ്യമാക്കി. 2006 ന് മുൻപ് 4 ഡയാലിസിസ് മെഷീൻ ഉണ്ടായിരുന്നത് ഇപ്പോൾ 14 എണ്ണമായി. സെൻട്രലൈസ്ഡ് എ.സി. യുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ 8 അത്യാധുനീക മോഡുലാർ ഓപ്പറേഷൻ തീയേറ്ററുകൾ, നൂതന സംവിധാനങ്ങളോടു കൂടിയ 22 ഐ.സി.യു. എന്നിവ ഏർപ്പെടുത്തി. അതിനുള്ള മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്താനും കഴിഞ്ഞു.

എസ്.എ.ടി. ൽ ലൈഫ് സപ്പോർട്ട് ഉപകരണങ്ങളോടുകൂടിയ Neo Natal Nursery, Inborn Nursery, Out born Nursery എന്നിവയും വന്ധ്യതയ്ക്കുള്ള ഏറ്റവും നൂതനമായി ചികിത്സ ലഭ്യമായിട്ടുള്ള Infertility Treatment Unit -ഉം ആരംഭിച്ചു.

തിരുവനന്തപുരം മെഡിക്കൽകോളേജിൽ മാത്രം ഏകദേശം 100 കോടി രൂപയുടെ

| | |
|---|---|
| | ഉപകരണങ്ങൾ 5 കൊല്ലം കൊണ്ട് ലഭ്യമാക്കാൻ കഴിഞ്ഞു.<br><br><u>കോഴിക്കോട് മെഡിക്കൽകോളജ്:-</u> കോഴിക്കോട് മെഡിക്കൽകോളേജിൽ, ഐ.എം.സി.എച്ചിൽ ഉൾപ്പെടെ 2006-ൽ 7 വെന്റിലേറ്റർ ഉണ്ടായിരുന്നിടത്ത് ഇപ്പോൾ 29 വെന്റിലേറ്ററുകൾ ലഭ്യമാണ്. എം.ആർ.ഐ., പുതിയ സി.ടി. സ്കാൻ മുതലായ സംവിധാനങ്ങൾ ലഭ്യമാക്കിയതിലൂടെ രോഗനിർണ്ണയം കൂടുതൽ കാര്യക്ഷമമാക്കി. ഡയാലിസിസ് മെഷീനുകളുടെ എണ്ണം 3-ൽ നിന്ന് 17 ആയി വർദ്ധിച്ചു. റേഡിയോ തെറാപ്പി സിമുലേറ്റർ, Digital Subtraction Angiography, Harmonic Scalpel, Colour Doppler, Laproscopic Surgery Equipments, Digital X-ray Machine, പുതിയ ടി.എം.ടി. മെഷീൻ, Anaesthesia Work Station, നെഞ്ചുരോഗ വിഭാഗത്തിൽ പുതിയ Bronchoscope, തൊറോക്കോ സ്കോപ്പ്, ഡി.എൽ.സി.ഒ. സ്ലീപ്പ് ലബോറട്ടറി, എന്നീ ഉപകരണങ്ങൾ ലഭ്യമാക്കി. ഓർത്തോവിൽ C-Arm, യൂറോളജി വിഭാഗത്തിൽ ശസ്ത്രക്രീയ കൂടാതെ വൃക്കയിലെ കല്ലുനീക്കുന്നതിനുള്ള Shockwave Lithotripsy, Operating Microscope, പുതിയ കാത്ത് ലാബ് (3.5 കോടിരൂപ) തുടങ്ങിയ അത്യാധുനീക ഉപകരണങ്ങൾ ലഭ്യമാക്കി.<br>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജിയിൽ ഒരുകോടി രൂപയുടെ ഉപകരണങ്ങൾ ലഭ്യമാക്കിയതുകൂടാതെ ഐ.എം.സി.എച്ചിൽ ന്യുബോൺ ഐ.സി.യു, ഫോട്ടോതെറാപ്പി മെഷീൻ എന്നീ ഉപകരണങ്ങളും ലഭ്യമാക്കി.<br>മേൽപറഞ്ഞ ഉപകരണങ്ങൾ ഉൾപ്പെടെ ഏകദേശം 50 കോടിരൂപയുടെ ഉപകരണങ്ങൾ കോഴിക്കോട് മെഡിക്കൽകോളേജിൽ ഈ ഗവൺമെന്റിന്റെ കാലയളവിൽ ലഭ്യമാക്കി.<br><br><u>കോട്ടയം മെഡിക്കൽകോളജ്:-</u> 2006 -ന് മുൻപ് 6 വെന്റിലേറ്ററുകൾ ഉണ്ടായിരുന്നിടത്ത് ഇപ്പോൾ 23 വെന്റിലേറ്ററുകൾ ലഭ്യമാണ്. സി.ടി. സ്കാൻ, |

| | |
|---|---|
| | എം.ആർ.ഐ.. സ്കാൻ എന്നിവ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്ഥാപിച്ചു. ക്യാൻസർ ചികിത്സാ രംഗത്ത് ഏറ്റവും നൂതനമായ ലീനിയർ ആക്സിലറേറ്റർ 9 കോടിരൂപ ചെലവിൽ കോട്ടയം മെഡിക്കൽ കോളേജിൽ സ്ഥാപിച്ചു. കൂടാതെ Tele Cobalt Machine, Simulator, HDR എന്നീ ആധുനിക ക്യാൻസർ ചികിത്സാ ഉപകരണങ്ങൾ ലഭ്യമാക്കി. ഹൃദയ ചികിത്സാ രംഗത്ത് പുതിയ കാത്ത്ലാബ്, Heart Lung Machine എന്നിവ ലഭ്യമാക്കിയത് കൂടാത കാർഡിയോ തൊറാസിക് യൂണിറ്റിന്റെ കെട്ടിട നിർമ്മാണവും പൂർത്തിയായി വരുന്നു. ഇതുകൂടാതെ പുതിയ സി.ടി. സ്കാൻ Ultra Sound Scanner തുടങ്ങിയ ഉപകരണങ്ങളുൾപ്പെടെ ഏകദേശം 45 കോടിയോളം രൂപയുടെ ഉപകരണങ്ങൾ കോട്ടയം മെഡിക്കൽ കോളേജിൽ ലഭ്യമാക്കി.<br><br><u>ആലപ്പുഴ മെഡിക്കൽകോളജ്:-</u> 200 കോടിയോളം രൂപ ചെലവഴിച്ച് ആലപ്പുഴ മെഡിക്കൽകോളേജ് പൂർണ്ണമായും വണ്ടാനത്തേക്ക് മാറ്റി. 1989 മുതൽ 2006 വരെയുള്ള 17 വർഷത്തിനുള്ളിൽ കേവലം 18 കോടിരൂപ മാത്രം ചെലവഴിച്ചിടത്ത് 5 വർഷംകൊണ്ട് 200 കോടിയിൽപ്പരം രൂപ ചെലവഴിച്ചു. 12 ആധുനീക ഓപ്പറേഷൻ തീയേറ്റർ, എം.ആർ.ഐ. സ്കാൻ, സി.ടി. സ്കാൻ, കാത്ത് ലാബ് എന്നിവ ഉൾപ്പെടെ ഒട്ടേറെ ആധുനിക സംവിധാനങ്ങൾ ലഭ്യമാക്കി. കാത്ത്ലാബിനുവേണ്ടിമാത്രം 26 തസ്തികകൾ സൃഷ്ടിച്ചു. കാർഡിയോതൊറാസിക് യൂണിറ്റിനുള്ള ഉപകരണങ്ങൾ വാങ്ങി. 2006-ന് മുൻപ് 2 വെന്റിലേറ്ററുകൾ മാത്രമുണ്ടായിരുന്നിടത്ത് ഇന്ന് 14 വെന്റിലേറ്റർ ആലപ്പുഴ മെഡിക്കൽ കോളേജിൽ ലഭ്യമാണ്. മുൻപ് സർജറി ഐ.സി. യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നില്ല. എന്നാൽ ഇപ്പോൾ സർജറി, ന്യൂറോ, പീഡിയാട്രിക് സർജറി ഐ.സി. യൂണിറ്റുകൾ എന്നിവ അത്യാധുനിക സംവിധാനങ്ങളോടെ പ്രവർത്തിക്കുന്നു. കേരളത്തിലെ ഏറ്റവും നല്ല ബ്ലഡ്ബാങ്ക് ഇവിടെ 2009-ൽ പ്രവർത്തനം ആരംഭിച്ചു. |

| | |
|---|---|
| | C-arm Machine, Doppler Ultra Sound Machine, Echo Cardiogram, Video EEG, മുതലായ ഉപകരണങ്ങൾ ഇപ്പോൾ ഈ ആശുപത്രിയിൽ ലഭ്യമാണ്. ട്രോമാകെയർ യൂണറ്റിന് ഒരുകോടി രൂപയുടെ ഉപകരണങ്ങൾ വാങ്ങി. Central Suction, Central Oxygen, Incubator, Photo Therapy Unit, എന്നീ സംവിധാനങ്ങളോടുകൂടിയ Neo Natal നേഴ്സറി പുതിയ തീയേറ്റർ കോംപ്ലക്സിൽ ലഭ്യമാക്കി. ലാബ് പരിശോധനയ്ക്കായുള്ള 6 സെമി ഓട്ടോമാറ്റിക് അനലൈസറുകൾ 2008-ൽ സ്ഥാപിച്ച ഇൻവെസ്റ്റിഗേഷൻ ബ്ലോക്കിൽ ലഭ്യമാക്കി.<br>മൊത്തം 25 കോടിരൂപയുടെ ഉപകരണങ്ങൾ ആലപ്പുഴ മെഡിക്കൽകോളേജിൽ ലഭ്യമാക്കി<br><u>തൃശ്ശൂർ മെഡിക്കൽകോളജ്:-</u> തൃശ്ശൂർ മെഡിക്കൽ കോളേജിൽ എം.ആർ.ഐ., സി.ടി. സ്കാൻ മെഷീനുകൾ ലഭ്യമാക്കിയതുകൂടാതെ ക്യാൻസർ ചികിത്സയ്ക്കുള്ള Brachy Therapy Unit, Physical MedicineUnit നുവേണ്ടിയുള്ള ആധുനിക ഉപകരണങ്ങൾ, ന്യൂറോസർജറി വിഭാഗത്തിനുള്ള Operating Microscope മുതലായവ ലഭ്യമാക്കി. Ophthalmology വിഭാഗത്തിൽ Fundus Flouroscopic Angiography, Spectral OCT എന്നീ ആധുനീക ഉപകരണങ്ങളോടുകൂടി റെറ്റീനാ ക്ലിനിക് സ്ഥാപിച്ചു.<br>മേൽപറഞ്ഞ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനായി 25 കോടിരൂപ ഇവിടെ ചെലവഴിച്ചിട്ടുണ്ട് |
| ബി) ഇതിനായി ഓരോ മെഡിക്കൽകോളേജിനും വേണ്ടി എത്രകോടിരൂപ വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ; | |
| സി) എല്ലാ മെഡിക്കൽ കോളേജുകളിലും എം.ആർ.ഐ. സ്കാൻ സംവിധാനവും സി.ടി. സ്കാൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ടോ; | സി) ഉണ്ട് |
| ഡി) പതിമൂന്നാം ധനകാര്യകമ്മീഷന്റെ അവാർഡ് അനുസരിച്ച് എത്രകോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്? | ഡി) മെഡിക്കൽ കോളേജുകൾക്കായി 13-ാം ധനകാര്യകമ്മീഷൻ അവാർഡിന് 74.75 കോടിരൂപയ്ക്കുള്ള ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഇ) | അത്യാധുനിക ഉപകരണങ്ങൾക്കായി എത്ര കോടി രൂപ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | ഇ) | ഈ സാമ്പത്തിക വർഷം 48 കോടി രൂപ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്. |

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 212 | 21-02-2011-ൽ മറുപടിയ്ക്ക് |

<u>പാരാ മെഡിക്കൽ വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തുന്നതിന് നടപടികൾ</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.സി. മൊയ്തീൻ :<br>ശ്രീ. പി.ടി.എ. റഹീം :<br>ശ്രീ. എം. ഹംസ :<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ : | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | പാരാ മെഡിക്കൽ വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | എ) | പാരാമെഡിക്കൽ വിദ്യാഭ്യാസരംഗം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സ.ഉ. (എം.എസ്) നം. 73/2002/ആ.കു.വ തീയതി 21.03.2002 പ്രകാരം ഒരു താൽക്കാലിക പാരാമെഡിക്കൽ കൗൺസിൽ സെക്രട്ടറിയേറ്റിൽ പ്രവർത്തിച്ചു വരുന്നുണ്ട്. പാരാമെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ ഉള്ള സർക്കാർ/ സ്വാശ്രയ /സഹകരണ മേഖലയിലുള്ള സ്ഥാപനങ്ങൾക്ക് പാരാമെഡിക്കൽ കൗൺസിൽ/സർക്കാർ അംഗീകരിച്ച പാരാമെഡിക്കൽ (ഡിപ്ലോമ/ഡിഗ്രി/പി.ജി.ഡിപ്ലോമ/ പോസ്റ്റ് ഗ്രാജുവേറ്റ്) കോഴ്സുകൾ ആരംഭിക്കുന്നതിന് കൗൺസിൽ ശുപാർശയോടെ സർക്കാർ അംഗീകാരം നൽകിവരുന്നു.<br>ആരോഗ്യ വകുപ്പ് ഡയറക്ടർ നടത്തി വരുന്ന ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്, ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ നടത്തിവരുന്ന 13 ഡിപ്ലോമ കോഴ്സുകൾ, യൂണിവേഴ്സിറ്റി അംഗീകാരത്തോടു കൂടി നടത്തി വരുന്ന ഡിഗ്രി കേഴ്സുകൾ (ബി.എസ്.സി.(എം.എൽ.റ്റി), ബി.എസ്.സി. ഒപ്റ്റോമെട്രി), എം.എസ്.സി (എം.എൽ.റ്റി) എന്നിവയ്ക്ക് എൽ.ബി.എസ്. ഡയറക്ടർ തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നുമാണ് അഡ്മിഷൻ നൽകുന്നത് **(www.lbscentre.org).** |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ, അംഗീകൃത സ്ഥാപനത്തിൽ നിന്നും പാരാമെഡിക്കൽ കോഴ്സുകൾ പാസ്സായ വിദ്യാർത്ഥികൾക്ക് പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കണം. മറ്റ് സംസ്ഥാന വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ അനുവദിച്ചിട്ടില്ല.<br>സ്വതന്ത്രമായ ഒരു പാരാമെഡിക്കൽ കൗൺസിൽ രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണത്തിന്റെ ഭാഗമായി പാരാമെഡിക്കൽ കൗൺസിൽ ബിൽ - 2010 പ്രസിദ്ധീകരിക്കുവാൻ മന്ത്രിസഭ അംഗീകാരം നൽകിയതിനെ തുടർന്ന്, നിയമവകുപ്പ് മുഖേന നിയമസഭാ സെക്രട്ടറിക്ക് അയച്ചു കൊടുത്തിട്ടുണ്ട്.<br>പാരാമെഡിക്കൽ കൗൺസിൽ നിഷ്കർഷിച്ചിട്ടുള്ള മിനിമം സ്റ്റാൻഡേർഡ്, സ്വാശ്രയ മേഖലയിൽ കോഴ്സ് ആരംഭിക്കുവാൻ അപേക്ഷിക്കേണ്ട വിധം, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷിക്കേണ്ട വിധം, അംഗീകൃത പാരാമെഡിക്കൽ കോഴ്സുകളുടെയും അവ നടത്തുന്ന സ്ഥാപനങ്ങളുടെയും വിവരം എന്നിവ **www.keralaparamedicalcouncil.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ഏതെല്ലാം പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിച്ചു എന്ന് വെളിപ്പെടുത്തുമോ ; | ബി) | സർക്കാർ മേഖലയിൽ താഴെപ്പറയുന്ന പുതിയ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്;<br>1. <u>ഡിപ്ലോമ ഇൻ എൻഡോസ്കോപ്പി ടെക്നോളജി (DET) കോഴ്സ്</u><br>(തിരുവനന്തപുരം, കോഴിക്കോട്, മെഡിക്കൽ കോളേജുകളിൽ)<br>2. <u>ഡിപ്ലോമ ഇൻ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റൻസ് (DORA) കോഴ്സ്</u><br>(തിരുവനന്തപുരം, കോഴിക്കോട്, ഡെന്റൽ കോളേജുകളിൽ തുടങ്ങാൻ ഡെന്റൽ കൗൺസിലിന്റെ അംഗീകാരമായി)<br>3. ഡിപ്ലോമ ഇൻ ഓപ്പറേഷൻ തീയേറ്റർ ടെക്നോളജി |

| | | | |
|---|---|---|---|
| | | | (DOTT) കോഴ്സ് എല്ലാ മെഡിക്കൽ കോളേജുകളിലും തുടങ്ങി. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ഡിപ്ലോമ ഇൻ ന്യൂറോ ടെക്നോളജി (DNT) കോഴ്സും 2010-11 ൽ ആരംഭിച്ചു.<br>4. ബി.എസ്.സി. ഒപ്റ്റോമെട്രി കോഴ്സ്<br>(തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ)<br>5. ബാച്ചിലർ ഡിഗ്രി ഇൻ കാർഡിയോ വാസ്കുലർ ടെക്നോളജി (BCVT) കോഴ്സ്<br>(2011-12 അദ്ധ്യയന വർഷം മുതൽ തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.)<br>6. എം.എസ്.സി. (എം.എൽ.റ്റി.) കോഴ്സ്<br>(തിരുവനന്തപുരം മെഡിക്കൽ കോളേജിൽ)<br>സ്വാശ്രയ മേഖലയിൽ ഡിപ്ലോമ ഇൻ ദന്തൽ മെക്കാനിക് കോഴ്സ്, ബി.എസ്.സി. ഒപ്റ്റോമെട്രി കോഴ്സ് എന്നിവ ആരംഭിക്കുവാൻ അനുമതി നൽകി. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (NISH), ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആന്റ് കോഗ്നിറ്റിവ് ന്യൂറോ സയൻസസ് (ICCONS) എന്നീ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലും സ്വാശ്രയ മേഖലയിലും നടത്തി വരുന്ന ബി.എ.എസ്.എൽ.പി./ എം.എ.എസ്.എൽ.പി. കോഴ്സുകൾ സർക്കാരിന്റെ / കൗൺസിലിന്റെ കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | പാരാമെഡിക്കൽ കൗൺസിലിന്റെ പ്രവർത്തനം വിശദമാക്കുമോ ; | സി) | പാരാമെഡിക്കൽ വിദ്യാഭ്യാസരംഗം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സ.ഉ. (എം.എസ്) നം. 73/2002/ആ.കു.വ തീയതി 21.03.2002 പ്രകാരം ഒരു താൽക്കാലിക പാരാമെഡിക്കൽ കൗൺസിൽ സെക്രട്ടറിയേറ്റിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഇപ്പോഴത്തെ കൗൺസിലിലെ അംഗങ്ങൾ താഴെപ്പറയുന്നവരാണ്; |

| | | | |
|---|---|---|---|
| | | | ആരോഗ്യ വകുപ്പ് സെക്രട്ടറി - ചെയർമാൻ<br>ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറി - സെക്രട്ടറി<br>മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ - മെമ്പർ<br>ആരോഗ്യ വകുപ്പ് ഡയറക്ടർ - മെമ്പർ<br>പ്രിൻസിപ്പൽ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം - മെമ്പർ<br>ആവശ്യമെന്നാൽ പാരാമെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ വിദഗ്ദരുടെ സഹായവും തേടാറുണ്ട്. പാരാമെഡിക്കൽ കൗൺസിലിന്റെ പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്;<br>1. പാരാമെഡിക്കൽ കോഴ്സുകളുടെ നടത്തിപ്പിനുള്ള മാനദണ്ഡങ്ങൾ രൂപീകരിക്കുക<br>2. സർക്കാർ/സ്വാശ്രയ മേഖലകളിൽ പാരാമെഡിക്കൽ (ഡിപ്ലോമ/ഡിഗ്രി/പി.ജി) കോഴ്സുകൾ ആരംഭിക്കുന്നതിനു സർക്കാരിനു ശുപാർശ നൽകുക.<br>3. സർക്കാർ/സ്വാശ്രയ/സഹകരണ മേഖലയിൽ കോഴ്സുകളുടെ നടത്തിപ്പിൽ ഏകീകൃത നിലവാരമുണ്ടെന്ന് ഉറപ്പു വരുത്തുക, ഫീസ് ശുപാർശ ചെയ്യുക.<br>4. പാരാമെഡിക്കൽ കൗൺസിലിന്റെ/ സർക്കാരിന്റെ അംഗീകാരമുള്ള പാരാമെഡിക്കൽ കോഴ്സ് പാസ്സായവർക്ക് കൗൺസിൽ രജിസ്ട്രേഷൻ നൽകുക. |
| ഡി) | സ്വകാര്യ മേഖലയിലെ പാരാമെഡിക്കൽ കോഴ്സുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; | ഡി) | പാരാമെഡിക്കൽ കൗൺസിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ, ആരോഗ്യ വകുപ്പ് ഡയറക്ടർ/ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ എന്നിവർ നിയോഗിക്കുന്ന ഇൻസ്പെക്ഷൻ ടീം പരിശോധന നടത്തി ഉണ്ടെന്ന് ഉറപ്പു വരുത്തിയശേഷമാണ് സ്വാശ്രയ മേഖലയിൽ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്നതിന് അംഗീകാരം നൽകി വരുന്നത്. |

| | | | |
|---|---|---|---|
| ഇ) | സർക്കാർ മേഖലയിൽ പാരാമെഡിക്കൽ വിദ്യാഭ്യാസത്തിനുള്ള സൗകര്യം വർദ്ധിപ്പിക്കുമോ ? | ഇ) | സർക്കാർ മേഖലയിൽ നിലവിലുള്ള പാരാമെഡിക്കൽ കോഴ്സുകൾ കൂടാതെ പുതിയ കോഴ്സുകൾ ആരംഭിക്കുകയും അതാത് മെഡിക്കൽ കോളേജുകളിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾക്ക് ആനുപാതികമായി നിലവിലുള്ള കോഴ്സുകളുടെ സീറ്റ് വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി കണ്ണൂരിൽ പയ്യന്നൂരിലും പാലക്കാട് കുഴൽമന്ദത്തും പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ ആലപ്പുഴ മെഡിക്കൽ കോളേജിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടി പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : **213*** 21..2.2011 ൽ മറുപടിക്ക്

## ഹിൽ ഹൈവെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. ടി.എൻ. പ്രതാപൻ:**<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:** | **(നിയമവും മരാമത്തുംപാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി)** |
| (എ) ഹിൽ ഹൈവേയുടെ നിർമ്മാണ ത്തിനായി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദീകരിക്കുമോ ; | (എ) കണ്ണൂർ ജില്ലയിലെ പുറഞ്ഞാൺ മുതൽ ചമതച്ചാൽ വരെയുള്ള 14.650 കി മീ. റോഡും വയനാട് റോഡ്സ് ഡിവിഷനിലെ മാനന്തവാടി - കൽപ്പറ്റ റോഡിന്റെ 0/00 കി.മീ. മുതൽ 24/670 കി. മീ. വരെയും കൽപ്പറ്റ - മേപ്പാടി റോഡിന്റെ 4/000 കി. മീ മുതൽ 6/00 കി. മീ വരെയും ഹിൽ ഹൈവേയിലുൾപ്പെടുത്തി പുനരുദ്ധാരണ പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ ചമതച്ചാൽ മുതൽ ഉളിക്കൽ വരെ 8 കി. മീ. റോഡിന്റെ പുനരുദ്ധാരണ പ്രവർത്തി പുരോഗമിച്ചു വരുന്നു. |
| ബി) ഇതിനായി ഭൂമി ഏറ്റെടുക്കുകയും അലൈൻമെന്റ് നിശ്ചയിക്കുകയും ചെയ്ത എത്ര ഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട് ; ഇത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) കണ്ണൂർ ജില്ലയിലെ കൂമൻ തോട് മുതൽ അമ്പയത്തോട് വരെയുള്ള .39.50 കി. മീ. റോഡ്, കോഴിക്കോട് റോഡ്സ് ഡിവിഷന്റെ കീഴിലുള്ള തലയാട് മുതൽ കക്കാടംപൊയിൽ വരെയുള്ള റോഡ്, മൂവാറ്റുപുഴ റോഡ്സ് ഡിവിഷൻ കീഴിലുള്ള ചെട്ടിനട മുതൽ എളമ്പാശ്ശേരി വരെയുള്ള 6.70 കി. മീ. റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തന ങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

| ചോദ്യം | ഉത്തരം |
| --- | --- |
| സി) ഈ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എന്ത് തുകയാണ് ആകെ വേണ്ടി വരുന്നത് ; | (സി) നിർമ്മാണ പ്രവൃത്തി പൂർത്തിയായാൽ മാത്രമേ ആകെ വേണ്ടി വരുന്ന ചിലവ് തിട്ടപ്പെടുത്തുന്നതിന് കഴിയുകയുള്ളൂ. |
| (ഡി) കഴിഞ്ഞവർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ഇതിനായി എന്ത് തുക ചെലവഴിച്ചു; | (ഡി) കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 19,68,170/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത് |
| (ഇ)ഈ വർഷം ഏതൊക്കെ പുതിയ ഘട്ടങ്ങൾക്ക് നിർമ്മാണാനുമതി നൽകുമെന്ന് വെളിപ്പെടുത്തുമോ<br><br>(എഫ്) ഇതിനായി ഈ വർഷം എന്ത് തുക ചെലവഴിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ? | (ഇ) & (എഫ്) മലയോര ഹൈവേയുടെ ഭാഗമായി പാറശാല മുതൽ കൊല്ലത്ത് അലിമുക്കുവരെയുള്ള 129 കി.മീ. ദൈർഘ്യമുള്ള റോഡിന് 253 കോടി രൂപായുടെ അനുമതി ബഡ്ജറ്റിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 214* — 21.2.2011 ൽ മറുപടിക്ക്

### റോഡുകളിലെ അപകട മേഖലകൾ അപകട വിമുക്തമാക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോർജ് എം. തോമസ്:<br>ശ്രീ. വി ചെന്താമരാക്ഷൻ:<br>ശ്രീ.എം.ജെ ജേക്കബ്:<br>ശ്രീ.സി.എച്ച്. കുഞ്ഞമ്പു: | ശ്രീ.എം. വിജയകുമാർ<br>(നിയമവും മരാമത്തുംപാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി) |
| (എ) പൊതുമരാമത്ത് റോഡുകളിലെ അപകട സാദ്ധ്യതാ മേഖലകൾ അപകട വിമുക്തമാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) ആവിഷ്ക്കരിച്ചിട്ടുണ്ട് |
| (ബി) റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) നടപടികൾ സ്വീകരിച്ചുവരുന്നു |
| (സി) അപകട സാധ്യതയുള്ള മേഖലകളിൽ പ്രത്യേക മുന്നറിയിപ്പ് ബോർഡുകളും സിഗ്നലുകളും സ്ഥാപിക്കുമോ: | (സി) നടപടി സ്വീകരിച്ചുവരുന്നു |

| | |
|---|---|
| (ഡി) റോഡുകൾക്ക് ഇരുവശവും ഓടകൾ നിർമ്മിക്കുന്നതിനും നിലവിലുള്ള ഓടകൾ കേടുപാടുകൾ തീർത്ത് പുനരുദ്ധരിക്കുന്നതിനും നടപടി സ്വീകരിക്കുമോ : | (ഡി) നടപടി സ്വീകരിച്ചിട്ടുണ്ട് |
| (ഇ) ഇതിനായി പ്രത്യേക വിഹിതം നീക്കിവയ്ക്കുമോ ? | (ഇ) പദ്ധതി വിഹിതത്തിലുൾപ്പെടുത്തി പ്രവൃത്തി നടപ്പിലാക്കി വരുന്നു. |

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 215 | 21/02/2011-ൽ മറുപടിയ്ക്ക് |
|---|---|

പേ ക്ലിനിക്കുകൾ തുടങ്ങണമെന്ന നിർദ്ദേശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. എം. മുരളി : | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ മെഡിക്കൽകോളേജ് ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിർത്തിയതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന്റെ ഭാഗമായി പേ ക്ലിനിക്കുകൾ തുടങ്ങണമെന്ന നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടുണ്ടോ :<br><br>(ബി) ഇതു സംബന്ധിച്ച് എന്തൊക്കെ നിർദ്ദേശങ്ങളാണ് സർക്കാരിന് ലഭിച്ചിട്ടുള്ളത് ;<br><br>(സി) കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് മറ്റെന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് ;<br><br>(ഡി) ഇത്തരം പേ ക്ലിനിക്കുകൾ ആരംഭിക്കുന്നത് സംബന്ധിച്ച പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ആരോഗ്യ മേഖലയിലെ വിദഗ്ധരുടെ ഉപദേശം തേടിയിരുന്നുവോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ? | (എ), (ബി), (സി) & (ഡി)<br>പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധിച്ചിട്ടുള്ളത്. ഇതുമൂലം രോഗികൾക്കോ പൊതുജനങ്ങൾക്കോ എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പേ ക്ലിനിക്കുകൾ തുടങ്ങാനുള്ള യാതൊരു നിർദ്ദേശങ്ങളും ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 216* — 21.2.2011 ൽ മറുപടിക്ക്

## സോഷ്യൽ ഓഡിറ്റിംഗ് സമ്പ്രദായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജാജി മാത്യു തോമസ് :<br>ശ്രീ. വി. എസ്. സുനിൽ കുമാർ :<br>ശ്രീ. പള്ളിപ്രം ബാലൻ :<br>ശ്രീ. ബാബു പോൾ : | എം. വിജയകുമാർ<br>(നിയമവും മരാമത്തും<br>പാർലമെന്ററികാര്യവും<br>സ്പോർട്ട്സും വകുപ്പു മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം ജനങ്ങൾക്ക് വിലയിരുത്തുന്നതിനായി സോഷ്യൽ ഓഡിറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ തീരുമാനം എപ്പോൾ മുതൽ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിനും ദേശീയപാതാ വിഭാഗത്തിനും കീഴിലുള്ള റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും മോണിറ്ററിംഗ് നടത്തുന്നതിനായി സോഷ്യൽ ഓഡിറ്റിംഗ് നടത്തുവാൻ 3.1.2011-ൽ ഉത്തരവായിട്ടുണ്ട്. |
| (ബി) റോഡ് നിർമ്മാണത്തിന് അഞ്ചുവർഷം കാലാവധിയുള്ള കരാറു സമ്പ്രദായം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതുകൊണ്ടുള്ള പ്രയോജനം എന്താണെന്ന് വിശദമാക്കുമോ ; | (ബി) ഈ സമ്പ്രദായം ഘട്ടംഘട്ടമായി നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.. അറ്റകുറ്റപ്പണികൾ ലോംഗ് ടേം ഹെവി മെയിന്റനൻസ് പദ്ധതിയിൻ കീഴിൽ നടപ്പിലാക്കിയാൽ റോഡുകളുടെ നിലവാരം ഉറപ്പുവരുത്തുന്നതിനും അടിയ്ക്കടിയുണ്ടാകുന്ന മെയിന്റനൻസ് ഒഴിവാക്കുന്നതിനും കഴിയുന്നതാണ്. ശബരിമല റോഡുകൾ ഇപ്രകാരം കരാർ നൽകി കഴിഞ്ഞു. |
| (സി) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (സി) ഉണ്ട്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാംകേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.217 21.02.2011 – ൽ മറുപടിക്ക്

## കന്യാകുമാരി - തൃശ്ശൂർ എക്സ്പ്രസ് വേ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബാബു. എം. പാലിശ്ശേരി<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.പി.വിശ്വൻ | ശ്രീ. എം.വിജയകുമാർ<br>(ബഹു. നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പമന്ത്രി) |
| (എ) അന്തർദേശീയ നിലവാര ത്തിലുള്ള ആറുവരി പാതയായ എക്സ്പ്രസ് വേയുടെ ഭാഗമായി കന്യാകുമാരി - തൃശ്ശൂർ പാത നിർമ്മിക്കുന്ന പദ്ധതി കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകുമോ; | (ബി) ദേശിയാപാതാ വികസനപദ്ധതിയുടെ ഫേസ് VI -ൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന അതിവേഗപാത നെറ്റ് വർക്കിന്റെ, 2012 -ൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന ഒന്നാം ഘട്ടത്തിലാണ് 400 കി.മീ. ദൈർഘ്യമുള്ള തൃശ്ശൂർ കന്യാകുമാരി പാത ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (സി) തൃശ്ശൂർ മുതൽ കാസർകോട് തലപ്പാടിവരെയുള്ള ഭാഗംകൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) സംസ്ഥാനത്തിന് മുഴുവൻ എക്സ്പ്രസ് വേ നെറ്റ്വർക്കിന്റെ പ്രയോജനം ലഭിക്കേണ്ടതിന് പാത തൃശ്ശൂരിൽ നിന്ന് കാസർ ഗോഡ് വരെ നീട്ടണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര കരഗതാഗത വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പൊന്നാനി മുതൽ കോഴിക്കോട് എലത്തൂരിൽ അവസാനിക്കുന്ന വെസ്റ്റ് കോസ്റ്റ് ഓഷ്യൻ ഹൈവേ നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; പദ്ധതിക്ക് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; | (ഡി) | പൊന്നാനി മുതൽ എലത്തൂർ വരെയുള്ള തീരദേശപാത സംബന്ധിച്ച് ആർ.ബി.ഡി.സി.കെ., കിറ്റ്കോ എന്ന കൺസൾട്ടൻസി സ്ഥാപനം മുഖേന പഠനം നടത്തി 2009 ഒക്ടോബറിൽ ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. 11.03.2010-ൽ ഈ റോഡിന്റെ പരിധിയിൽ വരുന്ന നിയമ സഭാംഗങ്ങളുമായി ഒരു ചർച്ച നടത്തുകയും ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശമനുസരിച്ച് പാത എലത്തൂർ നിന്നും വെങ്ങളം വരെ നീട്ടുന്നതിനുള്ള പഠനം നടത്താൻ കിറ്റ്കൊയെ വീണ്ടും ചുമതലപ്പെടുത്തുകയും ചെയ്തു. കിറ്റ്കൊ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 2425 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. |
| (ഇ) | ഇതിന്റെ നിർമ്മാണ ചുമതല ഏത് ഏജൻസിയെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്? | (ഇ) | റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കേർപ്പറേഷൻ ഓഫ് കേരള മുഖാന്തിരം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനേഴാം സമ്മേളനം**

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.218 | 21.2.2011 ൽ മറുപടിക്ക് |
|---|---|

**ഗ്രാമീണമേഖലയിൽ ഡോക്ടർമാരുടെ സേവനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ. സദാശിവൻ:<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ:<br>ശ്രീ. വി. ശശികുമാർ: | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | |
|---|---|
| എ)ഗ്രാമീണമേഖലയിലെ ആശുപത്രികളിൽ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാലാകാലങ്ങളിൽ ഉണ്ടാകുന്ന അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ യഥാസമയം പി.എസ്.സിയെ അറിയിക്കുകയും ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തിയും വരുന്നു. ഇതിനുപുറമേ എൻ.ആർ.എച്ച്.എം വഴിയും നിർബന്ധിത ഗ്രാമീണ സേവനം വഴിയും താൽക്കാലികാടിസ്ഥാനത്തിൽ ജില്ലാ മെഡിക്കൽ ആഫീസർ വഴിയും ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. |
| ബി) എം.ബി.ബി.എസ്. പൂർത്തിയാക്കുന്ന ഡോക്ടർമാർക്ക് നിർബന്ധിത ഗ്രാമീണസേവനം നിർബന്ധമാക്കിയിട്ടുണ്ടോ; | ബി) നിർബന്ധമാക്കിയിട്ടുണ്ട്. |
| സി) പി.ജി.കോഴ്സ് പൂർത്തിയാക്കുന്ന ഡോക്ടർമാർക്കും ഗ്രാമീണ സേവനം നിർബന്ധമാക്കുമോ; | സി) പി.ജി. കോഴ്സ് പൂർത്തിയാക്കുന്ന ഡോക്ടർമാർക്ക് ഒരുവർഷത്തെ ഗ്രാമീണ സേവനം നിർബന്ധമാക്കിയിട്ടുണ്ട്. |
| ഡി) ഗ്രാമീണമേഖലയിൽ ഇപ്പോൾ ഡോക്ടർമാരുടെ കുറവ് അനുഭവ പ്പെടുന്നുണ്ടോ; | ഡി) 31.8.2010-ൽ ആരോഗ്യ വകുപ്പിൽ നിലവിലുണ്ടായിരുന്ന 166 ഒഴിവുകളിൽ 150 എണ്ണം പി.എസ്.സി-യെ അറിയിക്കുകയും ലിസ്റ്റ് ലഭിച്ചതനുസരിച്ച് 99 പേർക്ക് നിയമനം നൽകുകയും ചെയ്തു. ഇനിയും ഒഴിവുള്ള തസ്തികകൾ പി.എസ്.സി യെ അറിയിച്ചിട്ടുണ്ട്. ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. കൂടാതെ, എൻ.ആർ. എച്ച്. എം. വഴിയും ഗ്രാമീണമേഖലയിൽ ഡോക്ടർമാരെ നിയമിക്കുന്നുണ്ട്. |
| ഇ) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം | ഇ)<br>1) സംസ്ഥാനത്തെ 115 സാമൂഹ്യാ രോഗ്യകേന്ദ്രങ്ങളിൽ, ഇൻഡ്യൻ പബ്ലിക് |

| | |
|---|---|
| നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ? | ഹെൽത്ത് സ്റ്റാൻഡേർഡ്സ് പ്രകാരമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള നടപടികൾ എടുത്തിട്ടുണ്ട്. വാർഡ്, ലാബ് ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും നിലവിലുള്ള വയുടെ പുന:രുദ്ധാരണവും പൂർത്തിയാക്കി.<br>2) വട്ടിയൂർക്കാവ്, പിണറായി, പഴയങ്ങാടി, പാനൂർ, മട്ടന്നൂർ, മച്ചിൽ എന്നീ സി.എച്ച്.സി കളിൽ പോളിക്ളിനിക്കുകൾ ആരംഭിച്ചു. ഇതു വഴി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ആഴ്ചയിലൊരു ദിവസം വീതം ലഭ്യമാക്കിയിട്ടുണ്ട്.<br>3) സംസ്ഥാനത്തെ 26 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കൂടി പോളിക്ളിനിക്കുകൾ ആരംഭിക്കുന്നതിന് നടപടികൾ സീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 219 | 21.2.2011 ൽ മറുപടിക്ക് |

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങുന്ന മരുന്നുകളുടെ ഗുണനിലവാരവും വിലയും പരിശോധിക്കാൻ സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. എം. മുരളി<br>ശ്രീ. കെ. ശിവദാസൻ നായർ | | ശ്രീമതി പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് വിതരണം നടത്താനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങുന്ന മരുന്നുകളുടെ ഗുണനിലവാരവും വിലയും പരിശോധിക്കുന്നതിന് ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണുള്ളത് ; | എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് വിതരണം നടത്താനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിക്കുന്ന മരുന്നുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിൽ നിർദ്ദേശിച്ചിട്ടുള്ള നടപടികൾക്ക് പുറമേ ഓരോ ബാച്ച് മരുന്നുകളുടേയും സാമ്പിൾ കോർപ്പറേഷന്റെ എല്ലാ വെയർഹൗസുകളിൽ നിന്നും ശേഖരിച്ച് ഗുണമേന്മാ പരിശോധനയ്ക്കായി കോർപ്പറേഷൻ എംപാനൽ ചെയ്തിട്ടുള്ളതും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളതുമായ സർക്കാർ അംഗീകൃത ലാബുകളിൽ അയച്ച് പരിശോധന നടത്തുന്നു. പ്രസ്തുത പരിശോധനയിൽ നിശ്ചിത ഗുണനിലവാരമില്ലെന്ന് കണ്ടെത്തുന്ന മരുന്നുകളുടെ സാമ്പിളുകൾ തിരുവനന്തപുരത്തെ സർക്കാർ ഡ്രഗ് ടെസ്റ്റിംഗ് ലാബ് അടക്കം മൂന്ന് ലാബുകളിൽ വീണ്ടും പരിശോധന നടത്തുന്നു. പ്രസ്തുത പരിശോധനയിലും നിശ്ചിത നിലവാരമില്ലെന്ന് കണ്ടെത്തുന്ന മരുന്നുകളുടെ വിതരണം മരവിപ്പിക്കുകയും പേയ്മെന്റ് തടഞ്ഞു വെയ്ക്കുകയും ചെയ്യുന്നു. ഒരു മരുന്നിന്റെ രണ്ടോ അതിലധികമോ ബാച്ചുകൾ ഗുണനിലവാരമില്ലാത്തവയെന്നു കണ്ടാൽ ആ |

| | | | |
|---|---|---|---|
| | | | മരുന്നിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നു. ഒരു സ്ഥാപനത്തിന്റെ ഉൽപ്പന്നങ്ങൾ നിശ്ചിത ഗുണനിലവാരമില്ലാത്തവയാണെന്ന് കണ്ടെത്തിയാൽ ആ സ്ഥാപനത്തെ തന്നെ കരിമ്പട്ടികയിൽപ്പെടുത്തുന്നു. കൂടാതെ മറ്റു നടപടികൾ സ്വീകരിക്കുവാൻ വേണ്ടി ഡ്രഗ്സ് കൺട്രോളറേയും വിവരം അറിയിക്കുന്നു. കോർപ്പറേഷൻ സംഭരിക്കുന്ന എല്ലാ മരുന്നുകൾക്കും പൊതു കമ്പോളത്തിലെ വിലയേക്കാൾ 10 മുതൽ 50 ശതമാനം വരെ വിലക്കുറവുണ്ട്. കോർപ്പറേഷൻ 2010-11 വർഷത്തേക്ക് വാങ്ങുന്ന 460 ഇനം മരുന്നുകളിൽ 252 ഇനത്തിനും മുൻ വർഷത്തേക്കാൾ വില കുറവാണ്. |
| ബി) | കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന പല ഔഷധങ്ങളുടെയും ഗുണ നിലവാരമില്ലായ്മ സർക്കാർ ആശുപത്രികളിലെ രോഗ ചികിത്സയെ പ്രതികൂലമായി ബാധിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഇല്ല. ഗുണ നിലവാര പരിശോധനയിൽ നിശ്ചിത ഗുണനിലവാരം ഉള്ളവയെന്ന് കണ്ടെത്തുന്ന മരുന്നുകളാണ് കോർപറേഷൻ സ്റ്റോക്കിലെടുത്ത് ആശുപത്രികൾക്ക് വിതരം ചെയ്യുന്നത്. |
| | | | |
| സി) | ഇക്കാര്യം പരിശോധിക്കുന്നതിനും ഇങ്ങനെ വിതരണം നടത്തുന്ന ഔഷധങ്ങളുടെ ഗുണനില വാരം ഉറപ്പു വരുത്തുന്നതിനും ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | സി) | സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് കുറ്റമറ്റ സംവിധാനമാണ് നിലവിൽ കോർപ്പറേഷൻ ഏർപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| ഡി) | ഇക്കാര്യത്തിൽ എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്തുമോ? | ഡി) | മരുന്ന് സംഭരണ വേളയിൽത്തന്നെ കോർപ്പറേഷന്റെ വിവിധ ജില്ലാ വെയർഹൗസുകളിൽ ലഭിക്കുന്ന ഓരോ ബാച്ച് മരുന്നിന്റേയും വിവിധ സാംപിളുകൾ വ്യത്യസ്ഥ സമയങ്ങളിൽ ശേഖരിച്ച് ഒന്നിലധികം എംപാനൽഡ് ലാബുകളിൽ പരിശോധിക്കുവാനും സ്ലോ മൂവിംഗ് മരുന്നുകളുടെ സാംപിൾ ഇടയ്ക്ക് ഒരിക്കൽകൂടി പരിശോധിച്ച് ഷെൽഫ് ലൈഫ് പീരിയഡിൽ നിശ്ചിത ഗുണനിലവാരം പുലർത്തുന്നവയെന്ന് ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോൾഡ് ചെയിൻ സംവിധാനത്തിൽ സൂക്ഷിക്കേണ്ട മരുന്നുകളുടെ ട്രാൻസ്പോർട്ടിങ്ങിൽ വാക്സിൻ വയൽ മോണിറ്റർ സംവിധാനം ഉറപ്പുവരുത്തണമെന്ന് നിർദേശിച്ചിട്ടുണ്ട്. മരുന്നുകളുടെ ഗുണനിലവാര പരിശോധനാ പ്രവർത്തനങ്ങളിലെ കാലതാമസം ഒഴി വാക്കാനും കാര്യക്ഷമത മെച്ചപ്പെടു ത്താനുമായി കൂടുതൽ എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ഉള്ള ലാബുകളെ എംപാനൽ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ഡ്രഗ് വെയർ ഹൗസുകൾ ആധുനികവൽക്കരിക്കാനും ഘട്ടംഘട്ടമായി ശാസ്ത്രീയ രീതിയിൽ രൂപകൽപ്പന ചെയ്ത ആധുനിക വെയർഹൗസുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കാനും ഉള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: **220** — **21.2.2011-** ലെ മറുപടി

കെ.എസ്.ആർ.ടി.സി.യുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. കെ. പുരുഷോത്തമൻ<br>ശ്രീ. കെ. കെ. ദിവാകരൻ<br>ശ്രീ. കെ. വി. കുഞ്ഞിരാമൻ<br>ശ്രീ. സാജു പോൾ | ശ്രീ.ജോസ് തെറ്റയിൽ<br>ഗതാഗതവകുപ്പ് മന്ത്രി |

| | | | |
| --- | --- | --- | --- |
| (എ) | കെ.എസ്.ആർ.ടി.സി. യുടെ ആധുനികവൽക്കരണത്തിനായി ഈസർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ആധുനികവത്ക്കരണവുമായി ബന്ധപ്പെട്ട് നിരവധി നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br>1) 2628 പുതിയ ബസ്സുകൾ പണിത് നിരത്തിലിറക്കുകയും 1188 പുതിയ ഷെഡ്യൂളുകൾ ആരംഭിക്കുകയും ചെയ്തു.<br>2) ജെൻറം പദ്ധതി പ്രകാരം തിരുവനന്തപുരത്തും എറണാകുളത്തും ഏ.സി.വോൾവോ/നോൺ ഏ.സി.ലോ ഫ്ളോർ ബസ് സർവ്വീസുകൾ ആരംഭിച്ചു.<br>3) കെ.എസ്.ആർ.ടി.സി.യുടെ വർക്ക് ഷോപ്പുകൾ നവീകരിച്ച് എ.സി.ബസ് ഒഴികെയുള്ള ബസ്സുകളുടെ ബോഡി നിർമ്മാണം പൂർണ്ണമായും പ്രസ്തുത വർക്ക് ഷോപ്പുകളിൽ നടത്തി.<br>4) എല്ലാ സർവ്വീസുകളും ഇലക്ട്രോണിക് ടിക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തി.<br>5) ദീർഘദൂര സർവ്വീസുകളിലും അന്തർസംസ്ഥാന സർവ്വീസുകളിലും ഓൺലൈൻ റിസർവേഷൻ ഏർപ്പെടുത്തി.<br>6) ആഫീസുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുവാൻ എല്ലാ യൂണിറ്റുകളെയും ചീഫ് ഓഫീസുമായി ബന്ധിപ്പിച്ച് ഇന്റർനെറ്റ് സംവിധാനം പ്രാവർത്തികമാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | 7) ഇൻവെന്ററി സംവിധാനം കംപ്യൂട്ടറൈസ് ചെയ്തതിലൂടെ ലോക്കൽ പർച്ചേസ് ഗണ്യമായി കുറച്ചു.<br><br>8) ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി യൂണിറ്റുകളെ 4 മേഖലകളായി തിരിച്ച് മേഖലാടിസ്ഥാനത്തിൽ ഫ്യൂവൽ സെല്ലുകൾ രൂപീകരിച്ചു. 2005-ൽ ഒരു ലിറ്റർ ഡീസലിന് 3.84 കി.മീ ലഭിച്ചിരുന്നത് ഘട്ടം ഘട്ടമായി വർദ്ധിപ്പിച്ച് 4.27-ൽ എത്തിക്കുവാൻ ഇതുവഴി കഴിഞ്ഞു.<br>9) കെ.എസ്.ആർ.ടി.സി ബസുകൾ ഉൾപ്പെട്ടുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി ആക്സിഡന്റ് കൺട്രോൾ & മോണിറ്ററിംഗ് സെല്ലിന് രൂപം നൽകി.<br>10) കോർപ്പറേഷന്റെ ടിക്കറ്റിതരവരുമാനം വർദ്ധിപ്പിക്കുന്നതിനായി അന്തർദ്ദേശീയ നിലവാരമുള്ള ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചു കൊണ്ടിരിക്കുന്നു. |
| (ബി) | ജനങ്ങൾക്ക് ആധുനിക യാത്രാ സൗകര്യങ്ങൾ ഒരുക്കുന്നതിൽ കെ.എസ്.ആർ.ടി.സി. എത്ര മാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട് എന്നുവെളിപ്പെടുത്തുമോ; | (ബി) | ദീർഘദൂര യാത്രക്കാർക്ക് സൗകര്യപ്രദമായ യാത്ര ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ വോൾവോ എ.സി, എ.സി, സൂപ്പർ ഡീലക്സ് എയർ ബസ് എന്നിവ നിരത്തിലിറക്കിയിട്ടുണ്ട്. വിനോദയാത്രക്കും മറ്റും ഉപകാരപ്രദമാകുന്ന രീതിയിൽ നഗരങ്ങളിൽ ഡബിൾ ഡക്കർ ബസുകൾ അനുവദിക്കുന്നതിനും വെസ്റ്റിബ്യൂൾ ബസ് സർവ്വീസ് ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | എത്ര ഷെഡ്യൂളുകൾക്ക് ഓൺ ലൈൻ റിസർവേഷൻ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്; | (സി) | 220 സർവ്വീസുകൾക്ക് ഓൺലൈൻ റിസർവേഷൻ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കൂടുതൽ സർവ്വീസുകൾക്ക് പ്രസ്തുത സൗകര്യം ഏർപ്പെടുത്തുമോ; | (ഡി) | കൂടുതൽ സർവ്വീസുകൾക്ക് ഈ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | പുതുതായി സർവ്വീസ് ആരംഭിക്കുന്ന വെസ്റ്റിബ്യൂൾ സർവ്വീസിന്റെ സവിശേഷതകൾ എന്തെല്ലാമാണ്? | (ഇ) | സാധാരണ 12 മീറ്റർ നീളമുള്ള ബസുകളാണ് കേരളത്തിൽ മുഖ്യമായും സർവ്വീസ് നടത്തുന്നത്. എന്നാൽ ബി.എസ്-3 ലൈലാന്റ് എഞ്ചിൻ ഘടിപ്പിച്ചിട്ടുള്ള നിർദ്ദിഷ്ട വെസ്റ്റിബ്യൂൾ ബസിന് 16 മീറ്റർ നീളമാണുള്ളത്. ടി.ബസ്സിൻെറ റിയർ വീലുകളും ഡ്രൈവർക്ക് നിയന്ത്രിക്കാൻ കഴിയുന്നതാണ്. റിയർ വീലുകളും ഫ്രണ്ട് വീലുകളുടെ ട്രാക്ക് പിന്തുടർന്നു പോകുന്നതിനാൽ ട്രെയിലർ ബസുകളെ അപേക്ഷിച്ച് അപകട സാധ്യത കുറവാണ്. 57 സീറ്റിന് പുറമെ 50% യാത്രക്കാർക്ക് കൂടി നിന്ന് യാത്ര ചെയ്യാവുന്ന തരത്തിലാണ് വെസ്റ്റിബ്യൂൾ ബസ് രൂപകല്പന ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 221* 21.2.2011 ൽ മറുപടിക്ക്

# പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സി. ജോസഫ് :<br>ശ്രീ. എൻ. ശക്തൻ :<br>ശ്രീ. സി. പി. മുഹമ്മദ് :<br>ശ്രീ. കെ. ബാബു : | എം. വിജയകുമാർ<br>(നിയമവും മരാമത്തും<br>പാർലമെന്ററികാര്യവും<br>സ്പോർട്ട്സും വകുപ്പു മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;<br>(ബി) എന്നുമുതൽ ഇത്തരത്തിൽ സോഷ്യൽ ഓഡിറ്റിംഗ് നിലവിൽ വരുമെന്ന് അറിയിക്കുമോ ;<br>(സി) സോഷ്യൽ ഓഡിറ്റിംഗ് സമ്പ്രദായത്തിലൂടെ പൊതുമരാമത്ത് വകുപ്പിലെ ഏതൊക്കെ പ്രവൃത്തികളാണ് പരിശോധനയ്ക്ക് വിധേയമാക്കുന്നത് ; | (എ), (ബി) & (സി)<br>പൊതുമരാമത്ത് വകുപ്പിലെ നിരത്തുകളും പാലങ്ങളും വിഭാഗത്തിനും ദേശീയപാതാ വിഭാഗത്തിനും കീഴിലുള്ള റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും മോണിറ്ററിംഗ് നടത്തുന്നതിനായി സോഷ്യൽ ഓഡിറ്റിംഗ് നടത്തുവാൻ 3-1-2011 ൽ ഉത്തരവായിട്ടുണ്ട്. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനവും കൊല്ലം നിയോജകമണ്ഡലത്തിലെ സോഷ്യൽ ഓഡിറ്റിംഗും 31-1-2011-ൽ കൊല്ലത്തുവച്ച് നടത്തി. |

(ഡി) ഇതിലൂടെ ഏതൊക്കെ പരിശോധനകൾ ഏതൊക്കെ രീതിയിൽ നടത്തുമെന്ന് അറിയിക്കുമോ ;

(ഡി) ഓരോ അസിസ്റ്റന്റ് എഞ്ചിനീയർമാരും ടിയാളുടെ സെക്ഷൻ ഓഫീസിന്റെ പരിധിയിൽ വരുന്ന റോഡുകളുടെ വിവരങ്ങളും നടന്നുവരുന്ന നിർമ്മാണ പ്രവർത്തനം/അറ്റകുറ്റപ്പണികൾ എന്നിവയുടെ വിവരങ്ങളും പ്രത്യേകം പ്രൊഫോർമയിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട കരാറുകാരും/തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്/ചെയർപേഴ്സൺ, സ്ഥലം എം.എൽ.എ. എന്നിവരുടെ ഒപ്പോടുകൂടി ചീഫ് എഞ്ചിനീയർക്കും പകർപ്പ് മന്ത്രിയ്ക്കും സമർപ്പിക്കേണ്ടതാണ്.

(ഇ) ഈ സർക്കാർ അധികാരമേറ്റശേഷമുള്ള എല്ലാ പൊതുമരാമത്തു ജോലികളെക്കുറിച്ചും ഇത്തരത്തിൽ സോഷ്യൽ ഓഡിറ്റിംഗ് നടത്താൻ നടപടി സ്വീകരിക്കുമോ ?

(ഇ) പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ പ്രവർത്തികളും ഘട്ടംഘട്ടമായി സോഷ്യൽ ഓഡിറ്റിംഗിനു വിധേയമാക്കുന്ന കാര്യം പരിഗണിയ്ക്കാവുന്നതാണ്.

സെക്ഷൻ ആഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

*

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 222 — 21.02.2011-ൽ മറുപടിക്ക്

## നഗര ജല വിതരണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി | ശ്രീ.എൻ.കെ പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ദീർഘകാലമായി പണി നടന്നുവരുന്ന ഏതൊക്കെ നഗര ജലവിതരണ പദ്ധതികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ)<br>1. പാലാ ശുദ്ധജല വിതരണ പദ്ധതി<br>2. പുതുക്കാട് ടൗൺ ശുദ്ധ ജല വിതരണ പദ്ധതി<br>3. ഒല്ലൂർ ഇടക്കുന്നി ശുദ്ധജല വിതരണ പദ്ധതി<br>4. തൃശൂർ ശുദ്ധ ജല വിതരണ പദ്ധതിയുടെ വിപുലീകരണം.<br>5. ഡി.എഫ്.ഐ.ഡി പദ്ധതിയുടെ അവശേഷിക്കുന്ന പ്രവൃത്തികളും, ആലുവ ഹെഡ് വർക്ക്സിന്റെ 110 കെ.വി. സബ്സ്റ്റേഷന്റെ ബാക്കി ജോലികൾ<br>6. പാലക്കാട് നഗര ശുദ്ധജല വിതരണ പദ്ധതി - വിപുലീകരണം (ടാങ്ക് ഒഴികെ ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. )<br>7. കൂത്തുപറമ്പ് ശുദ്ധ ജല വിതരണ പദ്ധതി<br>8. കോട്ടയം-പാട്യം ശുദ്ധ ജല വിതരണ പദ്ധതി<br>9. തലശ്ശേരി ശുദ്ധജല വിതരണ പദ്ധതിയുടെ ഇടക്കാല വിപുലീകരണം. |

10. ഷൊർണ്ണൂർ നഗര ശുദ്ധജല വിതരണ പദ്ധതി
11. ചേവൂർ മരത്താക്കര ശുദ്ധജല വിതരണ പദ്ധതി
12. നെയ്യാറ്റിൻകര ശുദ്ധജല വിതരണ പദ്ധതി വിപുലീകരണം.

| | | | |
|---|---|---|---|
| (ബി) | ഇവയിൽ ഏതൊക്കെ പദ്ധതികളുടെ നിർമ്മാണമാണ് ഈ വർഷം തന്നെ പൂർത്തീകരിക്കണമെന്ന് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) | 1. ഡി.എഫ്.ഐ.ഡി പദ്ധതിയുടെ അവശേഷിക്കുന്ന പ്രവൃത്തികളും, ആലുവ ഹെഡ് വർക്ക്സിന്റെ 110 കെ.വി. സബ്സ്റ്റേഷന്റെ ബാക്കി ജോലികൾ<br>2. തലശ്ശേരി ശുദ്ധജല വിതരണ പദ്ധതിയുടെ ഇടക്കാല വിപുലീകരണം.<br>3. പാലക്കാട് നഗര ശുദ്ധജല വിതരണ പദ്ധതി - വിപുലീകരണം (ടാങ്ക് ഒഴികെ ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്.) |
| (സി) | ഇതിനായി സമയബന്ധിതമായ നടപടി ക്രമത്തിന് രൂപം നൽകിയിട്ടുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | നഗര ജല വിതരണ പദ്ധതികൾക്കായി ഇതുവരെ ആകെ എത്ര കോടി രൂപയാണ് ചെലവഴിച്ചതെന്ന് വെളിപ്പെടുത്തുമോ ; | (ഡി) | 31.34 കോടി രൂപ |
| (ഇ) | പ്രസ്തുത പദ്ധതികൾ പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്നതിന് ഇനിയും ആകെ എത്ര കോടി രൂപ ചെലവിടേണ്ടിവരുമെന്നാണ് കണക്കാക്കുന്നത് ; | (ഇ) | 110 കോടി രൂപ |
| (എഫ്) | ഈ പദ്ധതികൾ സമയബന്ധിതമായി | (എഫ്) | പദ്ധതി ഘടകങ്ങളുടെ ടെണ്ടറുകളിൽ |

| | |
|---|---|
| പൂർത്തീകരിക്കാൻ കഴിയാത്തതു മൂലം ആകെ എത്ര കോടി രൂപയുടെ അധികച്ചെലവ് വേണ്ടി വരുമെന്നാണ് കണക്കാക്കുന്നത് ? | ഉയർന്ന തുക ക്വാട്ടു ചെയ്യുന്നതും ഷെഡ്യൂൾഡ് നിരക്കുകളുടെ വർദ്ധനവും കാരണം പദ്ധതികൾക്ക് അധികച്ചെലവ് വേണ്ടി വരാറുണ്ട്. എന്നാൽ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായതിനാൽ ഇത് എത്രയെന്ന് കണക്കാക്കപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 223 | 21.2.2011- ലെ മറുപടി

### കെ.എസ്.ആർ.ടി.സി. യാത്രക്കാർക്കായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ

ചോദ്യം | ഉത്തരം

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
ശ്രീ.എൻ. അനിരുദ്ധൻ
ശ്രീ. പള്ളിപ്രം ബാലൻ
ശ്രീ. എ. കെ. ചന്ദ്രൻ

ശ്രീ.ജോസ് തെറ്റയിൽ
ഗതാഗതവകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പ്രതിദിനം ശരാശരി എത്ര ലക്ഷം യാത്രക്കാർ കെ.എസ്.ആർ.ടി.സി.യെ ആശ്രയിക്കുന്നുണ്ട്; | (എ) | പ്രതിദിനം 34 ലക്ഷം മുതൽ 36 ലക്ഷം വരെ യാത്രക്കാർ കെ.എസ്.ആർ.ടി.സി.യെ ആശ്രയിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് എത്ര ലക്ഷം വിദ്യാർത്ഥികൾക്ക് കൺസഷൻ ആനുകൂല്യം നൽകുന്നുണ്ട്: | (ബി) | 2009-10-ലെ കണക്കനുസരിച്ച് 1.63 ലക്ഷം വിദ്യാർത്ഥികൾക്ക് കൺസഷൻ ആനുകൂല്യം നൽകുന്നുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി. യാത്രക്കാർ ക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്: | (സി) യും (ഡി) യും | യാത്രക്കാർക്കായി ചുവടെ പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>(1)2651 പുതിയ ബസ് നിരത്തിലിറക്കി; 1188 പുതിയ ഷെഡ്യൂൾ ആരംഭിച്ചു.<br>(2) 2006-ന് ശേഷം ആദ്യം നിരത്തിലിറക്കിയ 1000 ബസ്സിൽ 20 എ.സി.എയർബസ്,30സൂപ്പർ ഡീലക്സ്, 3 വോൾവോ എന്നിവ ഉൾപ്പെടുന്നു.<br>(3) അന്തർ സംസ്ഥാന യാത്രക്കാരുടെ സൗകര്യാർത്ഥം തമിഴ്നാട്, കർണ്ണാടക സർക്കാരുകളുമായി പുതിയ ഉപ കരാറുകൾ ഉണ്ടാക്കാൻ കഴിഞ്ഞതു വഴി ഇരുസംസ്ഥാനങ്ങളിലേക്കും കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br>(4) ദീർഘദൂര സർവ്വീസിന് ഉപയോഗിച്ചിരുന്ന പഴയ ബസുകൾ മാറ്റി പുഷ്ബാക്ക് സംവിധാനമുള്ള പുതിയ ബസുകൾ നൽകുക യുണ്ടായി.<br>(5) ദീർഘദൂര യാത്രക്കാരുടെ സൗകര്യാർത്ഥം ഓൺലൈൻ |

റിസർവേഷൻ സംവിധാനം ചെയ്തു കഴിഞ്ഞിട്ടുണ്ട്.

(6) കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസുകളിൽ ഏർപ്പെടുത്തിയിട്ടുള്ള ഇലക്ട്രോണിക് ടിക്കറ്റിംഗ് സംവിധാനം കണ്ടക്ടറുടെ ജോലി എളുപ്പമാക്കു തോടൊപ്പം യാത്രക്കാർക്ക് ഏറെ പ്രയോജനപ്രദവുമാണ്.

(7) യാത്രക്കാരുടെ സൗകര്യം കണക്കിലെടുത്ത് പ്രധാനപ്പെട്ട ബസ്സ്റ്റേഷനുകളിൽ അത്യാധുനിക സജ്ജീകരണ ങ്ങളോട് കൂടിയ ബസ് സ്റ്റേഷനുകൾ നിർമ്മിച്ച് കൊണ്ടിരിക്കുകയാണ്.

(8) ജവഹർലാൽ നെഹ്റു നഗരനവീകരണ മിഷൻ (JnNURM) പദ്ധതി പ്രകാരമുള്ള എ.സി, നോൺ എ.സി. സർവ്വീസുകൾ തിരുവനന്ത പുരത്തും കൊച്ചിയിലും ആരംഭിച്ചു.

(9) എറണാകുളം നഗരത്തിൽ 50 തിരു:കൊച്ചി സർവ്വീസുകൾ ആരംഭിച്ചു.

(10) തിരുവനന്തപുരം സിറ്റിയിൽ കൂടുതൽ സർവ്വീസുകൾ ആരംഭിക്കുകയും സമാന്തര സർവ്വീസുകളെ നിയന്ത്രിക്കുകയും ചെയ്തു.

(11) നിലവിലുള്ള ഷെഡ്യൂളുകളുടെ പുന:ക്രമീകരണം വഴിയും, ജനപ്രിയ മലബാർ സർവ്വീസുകളും സംസ്ഥാനത്തുടനീളം ചെയിൻ സർവ്വീസുകളും ആരംഭിച്ചതുവഴിയും ജനങ്ങളുടെ യാത്രാക്ലേശം പരമാവധി കുറക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(12)സർവ്വീസ് നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ തലശ്ശേരി സബ് ഡിപ്പോയും, പിറവം, ആര്യങ്കാവ് ഓപ്പറേറ്റിംഗ് സെന്ററുകളും ആരംഭിച്ചു.

(13) കാഞ്ഞങ്ങാട് പുതിയ ബസ് സ്റ്റേഷൻ തുടങ്ങുന്നതിനുള്ള ശിലാസ്ഥാപനവും നടത്തി. ഇരിട്ടി, റാന്നി, തിരുവമ്പാടി എന്നിവിടങ്ങളിൽ ഓപ്പറേറ്റിംഗ് സെന്ററുകൾ ആരംഭിക്കുന്ന കാര്യം

| | | |
|---|---|---|
| | | സജീവ പരിഗണനയിലാണ്.<br><br>(14) അങ്കമാലിയിലെ ആധുനിക സൗകര്യമുള്ള അന്തർദേശീയ നിലവാരമുള്ള ബസ് ടെർമിനൽ 19.1.11-ന് ഉദ്ഘാടനം ചെയ്യുകയും കിളിമാനൂരും പുനലൂരും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.<br>(15) അടൂർ, വടകര, കരുനാഗപ്പള്ളി, പത്തനാപുരം, പാലക്കാട്, പുതുക്കാട്, നിലമ്പൂർ എന്നീ സ്ഥലങ്ങളിൽ ആധുനിക ബസ് സ്റ്റേഷൻ ബസ് സ്റ്റേഷനുകളിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടിരിക്കുകയാ<br>(16) ചാലക്കുടി, പന്തളം എന്നിവിടങ്ങളിൽ ഗാരേജ് നിർമ്മിച്ചു.<br>(17) നെടുമങ്ങാട് ആരംഭിക്കുന്ന ആധുനിക ബസ് ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനത്തിന് 16.2.11-ൽ തുടക്കം കുറിച്ചു.<br>(18) ഈഞ്ചയ്ക്കൽ അന്തർ സംസ്ഥാന ബസ് ടെർമിനലിന്റെ പണി ആരംഭിക്കുവാൻ അനുമതിയായി. |
| (ഡി) | പലയിടങ്ങളിലും ഇപ്പോഴുള്ള സൗകര്യങ്ങൾ അപര്യാപ്തമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് തുടങ്ങിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.224

21.2.2011ൽ മറുപടിയ്ക്ക്

കാൻസർ സുരക്ഷാ പദ്ധതി

ചോദ്യം

ശ്രീമതി.കെ.എസ്.സലീഖ:
ശ്രീ.ബി.ഡി.ദേവസ്സി:
ശ്രീ.കെ.സി.കുഞ്ഞിരാമൻ:
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ:

ഉത്തരം

ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കുട്ടികൾക്കായി ആവിഷ്കരിച്ച കാൻസർ സുരക്ഷാ പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തുള്ള 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യമായി ക്യാൻസർ ചികിത്സ ലഭ്യമാക്കുന്ന പദ്ധതിയാണ് ക്യാൻസർ സുരക്ഷാ പദ്ധതി. ക്യാൻസർ രോഗത്തിന് ചികിത്സയിലായിരിക്കുന്ന എല്ലാ കുട്ടികൾക്കും കുടുംബ വരുമാനം മാനദണ്ഡമാക്കാതെ ക്യാൻസർ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യം നൽകി വരുന്നു. ആർ.സി.സി, തിരുവനന്തപുരം, മലബാർ ക്യാൻസർ സെൻറർ തലശ്ശേരി, എസ്.എ.റ്റി, തിരുവനന്തപുരം, ജനറൽ ആശുപത്രി എറണാകുളം, ഐ.എം.സി.എച്ച് കോഴിക്കോട്, ഐ.എം.സി.എച്ച് കോട്ടയം, പരിയാരം മെഡിക്കൽ കോളേജ് , എല്ലാ ഗവൺമെൻറ് മെഡിക്കൽ കോളേജുകൾ തുടങ്ങിയ ആശുപത്രികളിൽ ഈ പദ്ധതി |

| | | | |
|---|---|---|---|
| | | | പ്രകാരം സൗജന്യ ചികിത്സ നൽകി വരുന്നു. |
| (ബി) | ഇതിനകം എത്ര കുട്ടികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചു; ചികിത്സയ്ക്കായി എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) | ഈ പദ്ധതി പ്രകാരം 2011 ജനുവരി 15 വരെ 1655 കുട്ടികൾക്ക് 61012717.80 രൂപയുടെ സൗജന്യ ചികിത്സ നൽകിയിട്ടുണ്ട്. |
| (സി) | കുട്ടികളിൽ കാൻസർ രോഗം വർദ്ധിച്ചുവരുന്നതിൻെറ കാരണം പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | കുട്ടികളിൽ ക്യാൻസർ രോഗം വർദ്ധിച്ചുവരുന്നു എന്നതു മാത്രമായി പ്രത്യേക പഠനം നടത്തിയിട്ടില്ല. |
| (ഡി) | കാൻസർ സുരക്ഷാ പദ്ധതി കൂടുതൽ പേർക്ക് പ്രയോജനപ്പെടും വിധം വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കുടുംബ വരുമാനത്തിൻെറ അടിസ്ഥാനത്തിൽ ക്യാൻസർ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യം നൽകുന്നത് ഉചിതമല്ല എന്ന് ബോധ്യപ്പെട്ടതിനാൽ നിലവിൽ ക്യാൻസർ രോഗത്തിന് ചികിത്സയിലായിരിക്കുന്ന യോഗ്യതയുള്ള എല്ലാ കുട്ടികൾക്കും കുടുംബവരുമാനം മാനദണ്ഡമാക്കാതെ തന്നെ ക്യാൻസർ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിക്കൊണ്ട് 18-2-2010ലെ സ.ഉ.(സാധാ)91/2010/സാക്ഷേവ പ്രകാരം ഉത്തരവായിട്ടുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: **225** **21.2.2011-** ലെ മറുപടി

**കെ.എസ്.ആർ.ടി.സി. യുടെ സേവനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. സി. എം. ദിനേശ് മണി<br>ശ്രീ. ബി. രാഘവൻ<br>ശ്രീ. കെ. സി. രാജഗോപാലൻ | ശ്രീ.ജോസ് തെറ്റയിൽ<br>ഗതാഗതവകുപ്പ് മന്ത്രി |

| | | | |
| --- | --- | --- | --- |
| (എ) | കെ.എസ്.ആർ.ടി.സി. യുടെ സേവനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | K.S.R.T.C -യുടെ സേവനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>(1) താരതമ്യേന കുറഞ്ഞ ചിലവിൽ ഈടുറ്റതും യാത്രക്കാർക്ക് സൗകര്യ പ്രദമായി യാത്ര ചെയ്യുവാൻ ഉതകുന്ന തുമായ ബസുകൾ നിരത്തിലിറക്കാൻ തീരുമാനിച്ചു:<br>(2) നിർജ്ജീവമായി കിടന്ന വർക്ക്ഷോപ്പുകൾ പുനരുദ്ധരിക്കുവാൻ നടപടികൾ സ്വീകരിച്ചു: കെ.എസ്.ആർ.ടി.സി. യുടെ വർക്ക്ഷോപ്പുകളിൽ തന്നെ ബസ്ബോഡികൾ നിർമ്മിക്കാൻ തക്കവണ്ണം സജ്ജമാക്കി;<br>(3) ഇതുവരെ 2628 ബസുകൾ പണിതിറക്കി ;<br>2005 കാലയളവിൽ പുറമെ നൽകി പണി കഴിപ്പിച്ച ബസ്സുകളുടെ ചെലവിനെക്കാൾ ശരാശരി 1,03,893/- രൂപ കുറവിൽ ബസുകൾ പണിതിറക്കി.<br>(4) K.S.R.T.C വർക്ക്ഷോപ്പുകൾക്ക് അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അതിൻെറ ഫലമായി<br>സെൻട്രൽ വർക്സിന് 'B' ക്ളാസ് പദവിയിലുള്ള അക്ര |

| | | | |
|---|---|---|---|
| | | | ഡിറ്റേഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>(5) ഇന്ധനക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ഡ്രൈവർമാർക്കും മെക്കാനിക്കൽ വിഭാഗം ജീവനക്കാർക്കും തക്ക പരിശീലനം നൽകി വരികയും ചെയ്യുന്നു. തത്ഫലമായി 3.84 ആയിരുന്ന KMPL 4.28 വരെ വർദ്ധിപ്പിക്കുവാനും അതിലൂടെ ഇന്ധനചെലവ് കുറയ്ക്കാനും കഴിഞ്ഞിട്ടുണ്ട്.<br><br>(6) അടിയ്ക്കടി ഉണ്ടാകുന്ന ഡീസൽ വിലവർദ്ധന മൂലമുള്ള അധികചെലവ് കണക്കിലെടുത്ത് ഒരു പകരം സംവിധാനത്തെക്കുറിച്ച് ആലോചിക്കുകയും ഡീസലിനുപകരം CNG ഉപയോഗിക്കുന്നതിൻെറ സാധ്യതകൾ ആരായുവാൻ GAIL - ന് നിർദ്ദേശം നൽകുകയും തുടർ നടപടികളുമായി മുന്നോട്ടു പോകുകയും ചെയ്തുവരുന്നു.<br><br>(7) മെക്കാനിക്കൽ വിഭാഗത്തിൽ സ്ഥിരം ജീവനക്കാരെ നിയമിക്കുകയും അവരെ പുതിയതരം ബസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുന്നതിലേയ്ക്കായി ആവശ്യമായ പരിശീലനം നൽകി വരികയും ചെയ്യുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി എത്ര ഷെഡ്യൂളുകൾ ആരംഭിച്ചു; | (ബി) | 1188 |
| (സി) | ആദായകരമല്ലാത്ത ഷെഡ്യൂളുകൾ നിർത്തലാക്കുന്നതു സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കുമോ; | (സി) | കിലോമീറ്ററിന് 15/- രൂപയ്ക്ക് താഴെ വരുമാനം ലഭിക്കത്തക്കവിധത്തിൽ ക്രമീകരിക്കുന്നതിനും, പുനഃക്രമീകരിച്ചാലും 15/- രൂപയോ അതിനുമുകളിലോ വരുമാനം ലഭിക്കാത്ത സർവ്വീസുകൾ റദ്ദാക്കുന്നതിനും |

| | | |
|---|---|---|
| | | നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മലയോര മേഖലകളിലേക്കും, ആദിവാസി മേഖലകളിലേക്കും അനുവദിക്കപ്പെട്ടിട്ടുള്ള നാമമാത്രമായ സർവ്വീസുകൾ ഒരു കാരണവശാലും നിർത്തലാക്കാൻ പാടില്ലായെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) | മലബാർ മേഖലയിൽ കെ.എസ്.ആർ. ടി.സി. യുടെ സേവനം മെച്ചപ്പെടുത്തു ന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) സ്വീകരിച്ചിട്ടുണ്ട്. മലബാർ മേഖലയിൽ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി സൂപ്പർ ക്ലാസ് ബസുകളുൾപ്പെടെ കൂടുതൽ ബസുകൾ എല്ലാ ജില്ലകളിലും അനുവദിക്കുകയുണ്ടായി. കൂടാതെ വലിയ ബസുകൾ സർവ്വീസ് നടത്താൻ കഴിയാത്ത റൂട്ടുകളിൽ ഷോർട്ട് വീൽ ബസുകളും അനുവദിച്ചിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മലബാർ മേഖലയിൽ മാത്രം 351 മലബാർ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. പുറമെ, പട്ടണങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഒട്ടേറെ ചെയിൻ സർവ്വീസുകളും ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പൊതുഗതാഗത രംഗത്തെ കെ.എസ്.ആർ.ടി. സി.യുടെ സാന്നിദ്ധ്യം 13 ശതമാനത്തിൽ നിന്ന് 27% ആയി വർദ്ധിപ്പിക്കുന്നതിന് മലബാർ മേഖലയിൽ ആരംഭിച്ച പുതിയ സർവ്വീസുകൾ സഹായകമായിട്ടുണ്ട്. സേവനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി കോഴിക്കോട് ആധുനിക സജ്ജീകരണ ങ്ങളോടുകൂടിയ ബസ് സ്റ്റേഷൻ നിർമ്മാണം നടന്നുവരുന്നു. കാസറഗോഡ്, തുളുനാട്, ബസ് ടെർമിനൽ നിലവിൽ വന്നു കഴിഞ്ഞു. കാഞ്ഞങ്ങാട് |

| | | | |
|---|---|---|---|
| | | | ഓപ്പറേറ്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. |
| (ഇ) | പുതുതായി നിരത്തിലിറക്കിയിട്ടുള്ള വാഹനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ; | (ഇ) | 2651 വാഹനങ്ങൾ നിരത്തിലിറക്കി.<br>എ.സി. - 20<br>സൂപ്പർ ഡീലക്സ് - 30<br>എക്സ്പ്രസ്സ് - 83<br>സൂപ്പർ ഫാസ്റ്റ് എക്സ്പ്രസ്സ്-338<br>ഫാസ്റ്റ് പാസഞ്ചർ -937<br>അനന്തപുരി ഫാസ്റ്റ് -223<br>ഓർഡിനറി -777<br>എസ്. ഡബ്ള്യൂ.ബി -240<br>വോൾവോ - 3<br>-----<br>ആകെ 2651<br>====== |
| (എഫ്) | സർവ്വീസ് രംഗം മെച്ചപ്പെടുത്തുന്നതിനായി പുതുതായി എത്ര ബസ് സ്റ്റേഷനുകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ? | (എഫ്) | സർവ്വീസ് രംഗം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി തലശ്ശേരിയിൽ സബ് ഡിപ്പോയും പിറവം, ആര്യങ്കാവ് എന്നിവിടങ്ങളിൽ ഓപ്പറേറ്റിംഗ് സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് ഓപ്പറേറ്റിംഗ് സെന്ററിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമ സഭ
## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ *226 21.02.2011 ൽ മറുപടിക്ക്

### ജല അതോറിററിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. വി. ശശികുമാർ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. പി.ടി.എ. റഹീം | ശ്രീ. എൻ.കെ പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജല നയത്തിൻെറ അടിസ്ഥാനത്തിൽ കേരള ജല അതോറിററിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും മുടങ്ങിക്കിടന്ന പദ്ധതികൾ പൂർത്തിയാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) ജല അതോറിററിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുകയുണ്ടായി. വാട്ടർ അതോറിററിയുടെ പ്രധാന പദ്ധതികളായ ജപ്പാൻ കുടിവെള്ള പദ്ധതി, സ്പാൻ, സാർക്ക്, മലബാർ പാക്കേജ്, വിവിധ ഗ്രാമീണ പദ്ധതികൾ എന്നിവ വളരെ വേഗം പൂർത്തീകരിക്കാൻ 13 പ്രോജക്ററ് ഡിവിഷനുകൾ രൂപീകരിച്ചു. ടെൻഡറിംഗിലെ അപാകതകൾ ഒഴിവാക്കുന്നതിനായി ഇ ടെൻഡറിംഗ് സംവിധാനം ഏർപ്പെടുത്തി. തിരുവനന്തപുരം നഗരത്തിൽ വിജയകരമായി പൂർത്തീകരിച്ച വൈഡ് ഏരിയ നെററ് വർക്ക് എന്ന കമ്പ്യൂട്ടർ സംവിധാനം സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതിനുള്ള പണികൾ നടന്നു വരുന്നു. പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുകയും അതിൻ പ്രകാരമുള്ള സേവനങ്ങൾ ഉപഭോക്താക്കൾക്ക് ഉറപ്പു വരുത്തുകയും ചെയ്തു. കേരളാ വാട്ടർ അതോറിററിയുടെ, കോർപ്പറേഷൻ, മുനിസിപ്പാലിററി, താലൂക്ക് കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ സബ് ഡിവിഷനുകളിൽ ഹെൽപ് ടെസ്ക്കുകൾ സ്ഥാപിച്ചു. പ്രധാന നഗരങ്ങളിൽ ബ്ലൂ ബ്രീഗേഡ് സംവിധാനം നടപ്പിലാക്കി. വെള്ളക്കരം ഇൻറർനെററു വഴി അടയ്ക്കാൻ ഇ പേയ്മെൻറ് സംവിധാനം നടപ്പാക്കി. |

ഓൺലൈനിൽ പരാതി പരിഹാര സംവിധാനം തിരുവനന്തപുരത്ത് നടപ്പാക്കി. കമ്പ്യൂട്ടർ ബില്ലിംഗ് സംവിധാനം സംസ്ഥാനത്ത് എല്ലായിടത്തും വ്യാപകമാക്കാനുള്ള നടപടി പൂർത്തിയായി വരുന്നു. കമ്പ്യൂട്ടറൈസ്ഡ് സ്പോട്ട് ബില്ലിംഗ് സംവിധാനവും തിരുവന്തപുരം നഗരത്തിൽ നടപ്പിലാക്കുകയുണ്ടായി.

വാട്ടർഅതോറിററി പുനഃസംഘടിപ്പിക്കുന്നതിനായി സ്ഥാപന ശാക്തീകരണ കമ്മിററി രൂപീകരിച്ച് ഐ.ഐ.എം. ബാഗ്ലൂർ, എനർജി മാനേജ്മെൻറ് സെൻറർ മുതലായ സ്ഥാപനങ്ങളുടെ സഹായത്താടെ പ്രവർത്തിക്കുകയും ചെയ്യുന്നു.

എൽ.ഐ.സി. സഹായത്തോടെ ഏറെറടുക്കുകയും തുടർ സഹായം ലഭ്യമാകാതിരുന്നതിനാൽ സ്തംഭനാവസ്ഥയിലുമായ പദ്ധതികൾ പൂർത്തിയാക്കുന്നതിന് ടി പദ്ധതികൾ പുനരാവിഷ്കരിച്ച് നബാർഡ് ധന സഹായത്തോടെ സ്പാനിലും കേന്ദ്രഗവൺമെൻറ് സഹായത്തോടെയുള്ള NRDWP, സാർക്ക്, UIDSSMT എന്നീ പദ്ധതികളിലും ഉൾപ്പെടുത്തി ഏറെറടുത്ത് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

(ബി) ശുദ്ധീകരണശാല പുതുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

(ബി) വിതരണം ചെയ്യുന്ന കുടിവെള്ളത്തിൻെറ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി കാലഹരണപ്പെട്ട 43 ജല ശുദ്ധീകരണ ശാലകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ സാർക്ക് പദ്ധതിയിലുൾപ്പെടുത്തി പൂർത്തീയാക്കി വരുന്നു.

(സി) വരൾച്ച ബാധിത പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(സി) കടുത്തകുടിവെള്ള ക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ ധന ലഭ്യതക്കനുസരിച്ച് അനുയോജ്യമായ നടപടികൾ വാട്ടർ അതോറിററി സ്വീകരിക്കുന്നതാണ്.

1. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം

2. കേടായ പമ്പുസെററുകളുടെ അററ കുററ പണികൾ

| | | |
|---|---|---|
| | | 3. പമ്പുസെററ് മാററി വയ്ക്കുന്ന പണികൾ<br>4. വാട്ടർ ലൈനുകളിലെ ലീക്കുകൾ മാററുക<br>5. സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലത്തിൻെറ ലഭ്യതയനുസരിച്ച് പൈപ്പ് ലൈൻ നീട്ടുക<br>6. തകരാറിലായ പൈപ്പ് ലൈനുകൾ മാററുക മുതലായവ |
| (ഡി) | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഡി) ഗ്രാമീണ മേഖലയുടെ പദ്ധതികൾ പൂർത്തിയാക്കുന്നതിന് വേണ്ടി വിവിധ തലങ്ങളിൽ മീററിഗുകൾ കൂടുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. വിവിധ തദ്ദേശ സ്ഥാപനങ്ങളുമായി ചർച്ച നടത്തുകയും കരാറുകാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് സ്ഥലലഭ്യതയുടെ കാര്യങ്ങൾ പരിഹരിക്കാൻ ശ്രമിച്ചു വരുന്നു. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് പൈപ്പ് ലൈനുകൾ സ്ഥാപിക്കുവാനുള്ള അനുമതി ത്വരിതപ്പെടുത്തുക മുതലായവ ചെയ്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### പതിനേഴാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം<br>നം. 227 | 21.2.2011-ൽ മറുപടിക്ക് |
| --- | --- |

### ലബോറട്ടറികളെ നവീകരിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. ജയരാജൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. ജോർജ്ജ് എം. തോമസ് | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവുംസാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) പബ്ലിക് ഹെൽത്ത് ലബോറട്ടറികളെ നവീകരിക്കുന്നതിനായി സ്വീകരിച്ച് നടപടികൾ വിശദമാക്കുമോ ; | എ) സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിലും, റീജിയണൽ ലാബുകളിലും Automated -ഉം Semi-automated-ഉം ആയ ഉപകരണങ്ങൾ സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിലെ വിവിധ സെക്ഷനുകളായ ഡയഗ്നോസ്റ്റിക്, ബയോകെമിസ്ട്രി, സി.എം.എൽ. എന്നിവയുടെയും ഒരു കോൺഫറൻസ് ഹാളിന്റേയും അറ്റകുറ്റപ്പണികൾ ഏകദേശം 20 ലക്ഷം രൂപ ചെലവിൽ നടത്തിയിട്ടുണ്ട്. എച്ച്ബി എ1.സി, എൽ.എച്ച്, എഫ്.എസ്.എച്ച് പ്രൊലാക്ടിൻ, പി.എസ്.എ എന്നീ ടെസ്റ്റുകൾ തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ പുതുതായി തുടങ്ങിയിട്ടുണ്ട്. എച്ച്ബി എ1.സി |

| | |
|---|---|
| | ടെസ്റ്റ് പ്രമേഹ രോഗികൾക്ക് ചികിത്സ നിർണ്ണയിക്കുന്നതിന് വളരെയധികം പ്രയോജന പ്രദമാണ്. എൽ.എച്ച്, എഫ്.എസ്. എച്ച് പ്രൊലാക്ടിൻ ടെസ്റ്റുകൾ വന്ധ്യതാ ചികിത്സയ്ക്ക് ആവശ്യമാണ്.പി.എസ്.എടെസ്റ്റുകൾ, പ്രോസ്റ്റാറ്റിക് ട്യൂമറുകൾ നിർണ്ണയിക്കുന്നതിന് പ്രയോജനപ്രദമാണ്. എച്ച്1 എൻ1 ടെസ്റ്റിന് ആവശ്യമായ വൈറൽ ട്രാൻസ്പോർട്ട് മീഡിയം ഉണ്ടാക്കി എല്ലാ ജില്ലകളിലും വിതരണം ചെയ്തിട്ടുണ്ട്.<br>അസറ്റ് മെയിന്റനൻസിനു വേണ്ടി തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിന് 50 ലക്ഷം രൂപയും, എറണാകുളം റീജിയണൽ ലാബിന് 33.5 ലക്ഷം രൂപയും ആലപ്പുഴ ജില്ലാ ലാബിന് 10 ലക്ഷം രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. പൊതു മരാമത്ത് വകുപ്പ് പണികൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യയുടെ അക്രഡിറ്റേഷന്റെ ഭാഗമായി സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിനും എറണാകുളം റീജിയണൽ പബ്ലിക് ഹെൽത്ത് ലാബിനും അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. |
| ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പുതുതായി പബ്ലിക് ഹെൽത്ത് ലബോറട്ടറി സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | ബി) ഉണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം കണ്ണൂരിൽ ഒരു റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ് പുതുതായി ആരംഭിച്ചിട്ടുണ്ട്. 01.05.2010 മുതൽ പുളിങ്കുന്ന് ജെ.പി.എച്ച്.എൻ സ്കൂളിൽ താല്ക്കാലികമായി പ്രവർത്തിച്ചു വന്ന ടി ലാബിന്റെ പ്രവർത്തനം, 01.02.2011 മുതൽ, ഏകദേശം |

| | |
|---|---|
| | ഒരുകോടി രൂപ ചെലവഴിച്ചു നിർമ്മിച്ച പുതിയ കെട്ടിടത്തിലേക്ക് മാറ്റിയിട്ടുണ്ട്. |
| സി) രോഗനിർണ്ണയത്തിന് ആശുപത്രികളിലുള്ള ലബോറട്ടറി സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | സി) രോഗനിർണ്ണയത്തിന് ആശുപത്രികളിലുള്ള ലബോറട്ടറി സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യയുടെ പരിധിയിൽ വരുന്ന നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽ ആന്റ് ഹെൽത്ത് കെയർ ഓർഗനൈസേഷന്റെ എസൻഷ്യൽ സ്റ്റാൻഡേർഡ് ഫോർ മെഡിക്കൽ ലബോറട്ടറീസ് എന്ന പ്രോഗ്രാം കേരളത്തിലെ സർക്കാർ ലാബുകളിൽ നടപ്പാക്കി വരുന്നു. ഇതുവരെ 116 ലബോറട്ടികൾക്ക് ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആശുപത്രി ലബോറട്ടറികളിലേക്ക് കൂടുതൽ ഉപകരണങ്ങൾ ലഭ്യമാക്കിവരുന്നു. എൻ.ആർ. എച്ച്. എം. വഴിയും താല്ക്കാലിക അടിസ്ഥാനത്തിലും കൂടുതൽ ലബോറട്ടറി ടെക്നീഷ്യൻമാരെ നിയമിച്ച് ജില്ലാ/ജനറൽ ആശുപത്രികളുടെ പ്രവർത്തനം 24 മണിക്കൂറാക്കുകയും താലൂക്ക് ആശുപത്രികളുടെ പ്രവർത്തന സമയം ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആരോഗ്യ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ലാബുകളുടെ 'സ്റ്റാൻഡേഡൈസേഷൻ ആന്റ് അപ്ഗ്രഡേഷന്റെ' ഭാഗമായി കമ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ പ്രവർത്തിക്കുന്ന ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും രോഗ നിർണ്ണയത്തിനും ഉപകരണങ്ങൾ വാങ്ങുന്ന |

| | |
|---|---|
| | തിനുമായി 7,22,22,000/- രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| ഡി) നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഓഫ് ലബോറട്ടറീസിന്റെ അംഗീകാരം നേടുന്നതിനായി സർക്കാർ ആശുപത്രികളിലെ ലബോറട്ടറികളെ നവീകരിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | ഡി) നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഓഫ് ലബോറട്ടറീസിന്റെ അംഗീകാരം നേടുന്നതിനുള്ള പദ്ധതി തുടങ്ങിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 228 21.02.2011-ൽ മറുപടിയ്ക്ക്

### ഭൂഗർഭജല പരിപോഷണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്.രാജേന്ദ്രൻ :<br>ശ്രീ. പി.കൃഷ്ണപ്രസാദ് :<br>ശ്രീ. ടി.പി.കുഞ്ഞുണ്ണി :<br>ശ്രീ. ആർ. സെൽവരാജ് : | ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ<br>( ജലവിഭവ വകുപ്പുമന്ത്രി) |

| | |
|---|---|
| എ) ഭൂഗർഭജല പരിപോഷണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ ഏതെല്ലാമാണ്; | (എ) ഭൂഗർഭജല പരിപോഷണത്തിനായി കൃത്രിമ ഭൂജല സംപോഷണ പദ്ധതി പ്രകാരം ചെറിയ ചെക്ക് ഡാമുകൾ, അടിയണകൾ, കിണർ റീചാർജ്ജ്, മഴക്കുഴികൾ എന്നിവ ഭൂജലവകുപ്പ് വിവിധ ജില്ലകളിലായി നിർമ്മിക്കുന്നുണ്ട്. ഇതു കൂടാതെ സന്തുലിതമായ ഭൂജല ഉപയോഗത്തെക്കുറിച്ചും കൃത്രിമ ഭൂജല പരിപോഷണത്തെക്കുറിച്ചും അവബോധം വളർത്തുന്നതിലേയ്ക്കായി ദൃശ്യ, ശ്രാവ്യ മാദ്ധ്യമങ്ങളിലൂടെ വിവിധ ബോധവൽക്കരണ പരിപാടികൾ ഭൂജല വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. |
| ബി) ഇവയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (ബി) നടപ്പു സാമ്പത്തിക വർഷം കൃത്രിമ ഭൂജല സംപോഷണത്തിനായി 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ നിന്നും ലഭിച്ച പ്രപ്പോസലുകളിൽ നിന്നും ( 2010-11) 36 പദ്ധതികൾക്ക് അനുമതി നൽകുകയും അതിൽ 14 പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി പദ്ധതികളുടെ പൂർത്തീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| സി) ശാസ്ത്രീയമായി ഭൂഗർഭജലം വിനിയോഗിക്കുന്നതിന്റെ ഭാഗമായി എത്ര കുഴൽ കിണറുകൾ നിർമ്മിച്ചു എന്ന് വെളിപ്പെടുത്തുമോ; | (സി) ശാസ്ത്രീയമായി കുഴൽ കിണർ നിർമ്മിക്കുവാനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവ മുഖേന അപേക്ഷകൾ ലഭിക്കുന്നുണ്ട്. പ്രസ്തുത അപേക്ഷകളിൻമേൽ കഴിഞ്ഞ അഞ്ച് വർഷം നിർമ്മിച്ച കുഴൽകിണറുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br>2006-07 - 1268 എണ്ണം<br>2007-08 - 1134 "<br>2008-09 - 1104 "<br>2009-10 - 1561 "<br>2010-11 - 904 " |

| | |
|---|---|
| ഡി) പഴയ കുഴൽ കിണറുകളുടെ പുനരുദ്ധാരണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ഡി) വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തിയും പഞ്ചായത്തുകളുടെ ഫണ്ട് ഉപയോഗിച്ചും പഴയ കുഴൽ കിണറുകൾ റിപ്പയർ ചെയ്യുന്നുണ്ട്. ജലലഭ്യത കൂടിയ പഴയ കുഴൽ കിണറുകൾ രാജീവ്ഗാന്ധി പദ്ധതിയിൽപ്പെടുത്തി മിനി വാട്ടർ സപ്ലൈ സ്കീമുകളായി മാറ്റുന്നുണ്ട്. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ജില്ലകളിലായി കുഴൽ കിണറുകൾ നിർമ്മിക്കുന്നു. ഇതിൽ ജല ലഭ്യത കുറഞ്ഞ കുഴൽ കിണറുകളെ ഹാന്റ് പമ്പ് സ്കീമുകളായും ജല ലഭ്യത കൂടിയ കുഴൽ കിണറുകളെ മിനി വാട്ടർ സപ്ലൈ സ്കീമുകളായും മാറ്റുന്നു. |
| ഇ) കേരളത്തിലെ ഭൂഗർഭജല വിതാനത്തിൽ താഴ്ച ഉണ്ടായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; ഏതെല്ലാം പ്രദേശങ്ങളിലാണ് വളരെ കൂടുതൽ താഴ്ച ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കുമോ? | (ഇ) കേരളത്തിലെ ഭൂഗർഭജലവിതാനത്തിൽ പൊതുവിൽ ഗണ്യമായ താഴ്ച ഉണ്ടായിട്ടില്ല. എന്നാൽ ചില പ്രദേശങ്ങളിൽ ജലനിരപ്പ് താഴുന്നുണ്ട്. പാലക്കാട് ജില്ലയിലെ ചില പ്രദേശങ്ങളിലും, കാസറഗോഡ് ജില്ലയുടെ ചില പ്രദേശങ്ങളിലും ജലനിരപ്പ് താഴ്ന്നിട്ടുള്ളതായി കണ്ടിട്ടുണ്ട്. പാലക്കാട് ജില്ലയിലെ പുതുശ്ശേരി (മലമ്പുഴ ബ്ലോക്ക്), മണ്ണൂർ ( പാലക്കാട് ബ്ലോക്ക്), കാസർഗോഡ് ജില്ലയിലെ ബദിയടുക്ക (മഞ്ചേശ്വരം ബ്ളോക്ക്), കുറ്റിക്കോൽ ( കാസർഗോഡ് ബ്ലോക്ക്) തുടങ്ങിയ പ്രദേശങ്ങളിലാണ് ജല നിരപ്പിലുള്ള കൂടുതൽ താഴ്ച അനുഭവപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 229 21.02.2011-ൽ മറുപടിയ്ക്ക്

## ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ :<br>ശ്രീ. ബി.ഡി.ദേവസ്സി : | ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ<br>ജലവിഭവവകുപ്പുമന്ത്രി |

| | |
|---|---|
| എ) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണത്തിനായി സമഗ്രമായ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. കേരളത്തിലെ ആകെയുള്ള 430 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ 418 പദ്ധതികളുടെ പുനരുദ്ധാരണത്തിനായി 104 കോടി രൂപയുടെ ഭരണാനുമതി നൽകി. ഈ പദ്ധതികളുടെ പണികൾ വിവിധ ഘട്ടങ്ങളിലായി പുരോഗതിയിലാണ്. പഴക്കം ചെന്ന മോട്ടോറുകളും പമ്പുകളും മാറ്റി പുതിയവ സ്ഥാപിക്കുക, പമ്പുഹൗസുകളും കനാലുകളും പുതുക്കി പണിയുക, ഇലക്ട്രിക്കൽ ജോലികൾ നിശ്ചിത സുരക്ഷാ മാനദണ്ഡങ്ങളോടെ നടപ്പാക്കുക തുടങ്ങിയ ജോലികളാണ് ഏറ്റെടുത്തിട്ടുള്ളത്. |
| ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; ഇവയുടെ മൊത്തം അടങ്കൽ തുക എത്രയാണ്; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 418 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണത്തിനായി 104 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| (സി) ഇപ്പോൾ ഏതെല്ലാം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളാണ് നടക്കുന്നത്; | (സി) ഇപ്പോൾ പുനരുദ്ധാരണം നടത്തുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>കൊല്ലം - 11<br>പത്തനംതിട്ട - 44<br>ആലപ്പുഴ - 14<br>കോട്ടയം - 13<br>എറണാകുളം - 127<br>തൃശ്ശൂർ - 91<br>പാലക്കാട് - 37<br>കോഴിക്കോട് - 4<br>വയനാട് - 20<br>മലപ്പുറം - 51<br>കണ്ണൂർ - 4<br>കാസർഗോഡ് - 2<br>ആകെ - 418<br>================================== |
| (ഡി) പുതുതായി ഏതെങ്കിലും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൃശ്ശൂർ ജില്ലയിലെ പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്ക് നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ 2 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 230 | | 21.02.2011ൽ മറുപടിയ്ക്ക് |
|---|---|---|
| വനിതാ നയവും വികസന പദ്ധതികളും | | |
| ചോദ്യം | | ഉത്തരം |
| ശ്രീമതി.കെ.കെ. ലതിക<br>ശ്രീമതി. ജെ. അരുന്ധതി<br>ശ്രീ. കെ. സി. കുഞ്ഞിരാമൻ<br>ശ്രീ.പി.പി. അബ്ദുള്ളക്കുട്ടി | | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) |
| (എ) | സർക്കാരിന്റെ വനിതാ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) ഉണ്ട്. 17.02.2009-ലെ സ.ഉ. (എം.എസ്) നം.13/2009/സാക്ഷേവ പ്രകാരം വനിതാ നയം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വനിതാ നയത്തിൽ സ്ത്രീകൾക്ക് ലിംഗ പദവി സമത്വം ഉറപ്പാക്കുന്നതിനാവശ്യമായവ ഉൾപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, സംസ്കാരികം തുടങ്ങി എല്ലാ മേഖലകളും സ്പർശിക്കുന്ന നയമാണ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ബി) | വനിതാ നയം നടപ്പാക്കുന്നതിനായി ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | വനിതാ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി വനിതാ നയത്തിന്റെ ഒരു ലക്ഷം കോപ്പികൾ അച്ചടിച്ച് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ വഴി വിതരണം ചെയ്യുകയുണ്ടായി. വനിത നയത്തിലെ കർമ്മ പരിപാടികൾ നടപ്പിലാക്കേണ്ട വിവിധ വകുപ്പുകൾ ചെയ്യേണ്ട കാര്യങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായത്തിനായി അയച്ചിട്ടുണ്ട്. കൂടാതെ ജെൻഡർ ബഡ്ജറ്റിംഗും ഓഡിറ്റിംഗും വഴി വനിതകൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും സംസ്ഥാനത്ത് തുല്യലിംഗപദവിയുള്ള സമൂഹം സൃഷ്ടിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | സി) സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി സാമൂഹ്യക്ഷേമ വകുപ്പ് ഗാർഹികാതിക്രമങ്ങളിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമം 2005 നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 14 വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവെങ്കിലും ബഹു. ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഉണ്ടായതിനാൽ 3 വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാർ മാത്രമേ ജോലിയിൽ പ്രവേശിച്ചിട്ടുള്ളൂ. കൂടാതെ 31 പ്രൊബേഷൻ ഓഫീസർമാർക്ക് പ്രൊട്ടക്ഷൻ ഓഫീസർമാരുടെ അധിക ചുമതല നൽകിയിട്ടുണ്ട്.<br>തുല്യലിംഗപദവിയുള്ള സമൂഹം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ത്രിതല പഞ്ചായത്തുകളിൽ സ്ത്രീകൾക്ക് 50% സീറ്റ് സംവരണം ചെയ്യുകയുണ്ടായി. ദൃശ്യമാധ്യമങ്ങ - ളിലൂടെ ജെൻഡർ അവബോധം സമൂഹത്തിൽ വളർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br>സ്ത്രീകളെ അവരുടെ അവകാശങ്ങളെപ്പറ്റി ബോധവതികളാക്കാൻ സെമിനാറുകൾ, നിയമ ബോധന ക്ലാസുകൾ, ഹ്രസ്വചിത്രങ്ങളുടെ പ്രദർശനം, സ്ത്രീകൾ അറിയേണ്ട നിയമങ്ങളെക്കുറിച്ചുള്ള ബുക്ക്ലെറ്റുകളുടെ വിതരണം എന്നിവ കേരള വനിതാ കമ്മീഷൻ മുഖേന നടത്തുന്നു. കൂടാതെ അതിക്രമങ്ങൾക്ക് സ്ത്രീകൾ ഇരയാകാതിരിക്കാനുള്ള മാർഗ്ഗങ്ങൾ സ്ത്രീകളെ ബോധ്യപ്പെടുത്തുകയും കോളേജിൽ പഠിക്കുന്ന പെൺകുട്ടികളെ അതിക്രമങ്ങളുടെ ആഘാതത്തെ- പ്പറ്റിയും ഭവിഷ്യത്തുക്കളെപ്പറ്റിയും പറഞ്ഞു മനസ്സിലാക്കുകയും വിവാഹപൂർവ്വ കൗൺസിലിംഗും, ദമ്പതികൾക്ക് കൗൺസിലിംഗും നൽകുകയും ചെയ്യുന്നുണ്ട്.<br>കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന ജെൻഡർ അവയർനെസ്സിന്റെ ഭാഗമായി കേരളത്തിലുള്ള വിവിധ പ്രൊഫഷണൽ വനിതാ കോളേജുകളേയും വനിതാ സംഘാടകരേയും ഉൾപ്പെടുത്തി വനിതകളുടെ അവകാശങ്ങളെക്കുറിച്ച് |

| | | |
|---|---|---|
| | | ബോധവത്കരണ സെമിനാറുകൾ നടത്തിയിട്ടുണ്ട്. "Know your rights" എന്ന പേരിൽ ഒരു ഇൻഫർമേഷൻ ഗൈഡ് 40 വനിതാ കോളേജുകളിൽ നൽകിവരുന്നുണ്ട്. |
| (ഡി) | വിവിധ വകുപ്പുകളിലൂടെ നടപ്പാക്കിവരുന്ന വികസന പരിപാടികളിൽ സ്ത്രീകൾക്ക് അർഹമായ പരിഗണന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | ഡി) ഉണ്ട്. വിവിധ വകുപ്പുകളിലൂടെ നടപ്പാക്കിവരുന്ന വികസന പരിപാടികളിൽ സ്ത്രീകൾക്ക് അർഹമായ പരിഗണന ലഭിക്കുന്നുണ്ടോ എന്ന് ജെൻഡർ ബഡ്ജറ്റിംഗിലൂടെയും ജെൻഡർ ഓഡിറ്റിംഗിലൂടെയും ഉറപ്പുവരുത്തുന്ന ചുമതല ജെൻഡർ അഡ്വൈസർക്ക് നൽകിയിട്ടുണ്ട്. |
| (ഇ) | വനിതകൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ? | ഇ) വനിതകൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2007-08 സാമ്പത്തിക വർഷം മുതൽ വനിതകൾക്കായുള്ള ഫിനിഷിംഗ് സ്കൂൾ പദ്ധതി നടപ്പിലാക്കി വരുന്നു. വനിതകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് തിരുവനന്തപുരം ജില്ലയിൽ കൈമനത്ത് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന ഫിനിഷിംഗ് സ്കൂൾ പ്രവർത്തിച്ചുവരുന്നു. നിശ്ചിത യോഗ്യത നേടിയ പെൺകുട്ടികൾക്ക് വിവിധ മേഖലകളിൽ ഫിനിഷിംഗ് സ്കൂൾ പരിശീലനം നൽകി 100% തൊഴിലുറപ്പ് നൽകി വരുന്നു. ഇത് കൂടാതെ കണ്ണൂർ ജില്ലയിലെ പിലാത്തറയിൽ ഒരു ഫിനിഷിംഗ് സ്കൂൾ കൂടി ആരംഭിക്കുന്നതിന് നടപടികൾ പൂർത്തിയാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 231 — 21.2.2011-ലെ മറുപടിക്ക്

### സ്പീഡ് ഗവേണറിന്റെ പ്രവർത്തനക്ഷമത

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. സി. ജോർജ്<br>,, റോഷി അഗസ്റ്റിൻ<br>,, തോമസ് ചാഴികാടൻ<br>,, ജോസഫ് എം. പുതുശ്ശേരി | | ശ്രീ. ജോസ് തെറ്റയിൽ<br>ഗതാഗത വകുപ്പു മന്ത്രി |
| എ) സ്പീഡ് ഗവേണർ സ്ഥാപിച്ചതിനുശേഷം സംസ്ഥാനത്ത് വാഹനങ്ങളുടെ അമിതവേഗം നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് നിരീക്ഷിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഉണ്ടാകുന്ന വാഹനാപകടങ്ങളുടെ ഒരു പ്രധാന കാരണം അമിതവേഗത യാണ്. എന്നാൽ വാഹനങ്ങളിൽ സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയ തിനുശേഷം ഇതിൽ കുറവു വന്നിട്ടുണ്ട്. |
| ബി) ഇപ്രകാരം വാഹനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മിക്ക സ്പീഡ് ഗവേണറും പ്രവർത്തനരഹിതമാണെന്ന സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ചില വാഹനങ്ങളിൽ ഇവ പ്രവർത്തന രഹിതമാണെന്ന് ശ്രദ്ധയിൽപ്പെട്ടതി ന്റെ വെളിച്ചത്തിൽ കർശനമായ പരിശോധന നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) അമിതവേഗം മൂലമുള്ള വാഹനാപകടം ഒഴിവാക്കാൻ വാഹനങ്ങളിലെ സ്പീഡ് ഗവേണറിന്റെ പ്രവർത്തനക്ഷമതയും ഉപയോഗവും കർശന പരിശോധനയ്ക്കു വിധേയമാക്കുമോ? | സി) | കർശന പരിശോധനയ്ക്ക് വിധേയമാ ക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 232 | 21-02-2011-ൽ മറുപടിയ്ക്ക് |
|---|---|

## എല്ലാവർക്കും സ്പോർട്ട്സ്, എല്ലാവർക്കും ആരോഗ്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.സി.രാജഗോപാലൻ:<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ.വി.ജെ.തങ്കപ്പൻ:<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: | | ശ്രീ.എം.വിജയകുമാർ<br>(നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പു മന്ത്രി) | |
| (എ) | എല്ലാവർക്കും സ്പോർട്ട്സ്, എല്ലാവർക്കും ആരോഗ്യം, എന്ന പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) | കേരളത്തിലെ മുഴുവൻ ജനതയ്ക്കും സമ്പൂർണ്ണ കായികക്ഷമത കൈവരിക്കുക എന്നത് ലക്ഷ്യമാക്കി നടത്തി വരുന്ന ഒരു ശാസ്ത്രീയ കായിക ക്ഷമതാ പദ്ധതിയാണ് സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി. സ്കൂളുകളിൽ 5-ാം ക്ലാസു മുതൽ 12-ാം ക്ലാസുവരെയുള്ള കുട്ടികളെയാണ് ഈ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ലക്ഷ്യമിടുന്നത്. ഈ പദ്ധതി പ്രകാരം 2008-09 -ൽ 4315-ഉം 2009-10-ൽ 6110-ഉം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ കായിക ക്ഷമതാ പരിശോധന നടത്തുകയുണ്ടായി. പരിശോധനയിൽ എ, ബി, സി ഗ്രേഡ് ലഭിച്ചവർക്ക് ഏത് കായിക ഇനത്തിലാണോ അഭിരുചി ടി കായിക ഇനത്തിൽ പ്രോത്സാഹനം നൽകുന്നതാണ്. കായിക പരിശോധനയിൽ നിലവാരം പുലർത്താൻ കഴിയാത്തവരെ ഈ വർഷം ആരംഭിക്കുന്ന ആരോഗ്യ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടി ആസൂത്രണം ചെയ്യുന്നതിന് പദ്ധതിയിട്ടിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാവർക്കും സ്പോർട്സ് എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കേരള ഫിസിക്കൽ ഫിറ്റ്നസ് മിഷൻ ഏർപ്പെടുത്തുന്നതു സംബന്ധിച്ച് പഠിച്ച് നിർദ്ദേശം തയ്യാറാക്കുന്നതിന് ഒരു കോർ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മുതിർന്നവർക്കായി കായിക ക്ഷമതാ ബോധവൽക്കരണ പരിപാടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (ബി) | കുട്ടികളിലൂടെ മുതിർന്നവരിൽ ഈ സന്ദേശം എത്തിക്കുന്നതിനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിയ്ക്കുന്നത്. |
| (സി) | മുതിർന്ന വ്യക്തികളുടെ കായികക്ഷമത തിട്ടപ്പെടുത്തി ഓരോരുത്തർക്കും അനുയോജ്യമായ വ്യായാമ മുറകളും തോതും നിർണ്ണയിച്ചു നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ ; | **(സി) യും (ഡി) യും** | സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | മുതിർന്നവർക്കുള്ള കായിക പരിശീലനത്തിനായി പ്രത്യേക കേന്ദ്രങ്ങൾ ആരംഭിക്കുമോ ? | | |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 233 | 21-02-2011-ൽ മറുപടിയ്ക്ക് |
|---|---|

സർക്കസ് പ്രോത്സാഹിപ്പിക്കുന്നതിനായുള്ള നടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം.പ്രകാശൻ മാസ്റ്റർ:<br>ശ്രീ.പി.ജയരാജൻ:<br>ശ്രീ.സി.കെ.പി.പത്മനാഭൻ:<br>ശ്രീമതി.കെ.കെ.ലതിക: | | ശ്രീ.എം.വിജയകുമാർ<br>(നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പു മന്ത്രി) |
| എ) | സർക്കസ് പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | എ) യും ബി) യും<br>സർക്കസ് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അവശ സർക്കസ് കലാകാരന്മാർക്ക് പ്രതിമാസം 500 രൂപ പെൻഷൻ നൽകി വരുന്നു. തലശ്ശേരിയിലെ എരഞ്ഞോളി പഞ്ചായത്തിൽ സർക്കസ് അക്കാദമി സ്ഥാപിക്കുന്നതിനായി 10 ഏക്കർ 18 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുകയും അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി 2008-09 സാമ്പത്തിക വർഷം ജില്ലാ കളക്ടർക്ക് 25 ലക്ഷം രൂപ അനുവദിച്ച് നൽകുകയുമുണ്ടായി. തലശ്ശേരി ധർമ്മടത്തെ ചിറക്കുനിയിൽ ഒരു സ്വകാര്യ കെട്ടിടം വാടകയ്ക്കെടുത്ത് അക്കാദമിയുടെ പ്രവർത്തനം താൽക്കാലികമായി ആരംഭിച്ചിട്ടുണ്ട്. |
| ബി) | തലശ്ശേരിയിൽ മ്യൂസിയവും സർക്കസ് അക്കാഡമിയും ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ; | |

| | | | |
|---|---|---|---|
| സി) | അക്കാഡമിയിൽ ഇപ്പോൾ എത്ര പേർക്ക് പരിശീലനം നൽകുന്നു ; | സി) | 10 കുട്ടികൾക്ക്. |
| ഡി) | അവശതയനുഭവിക്കുന്ന സർക്കസ് കലാകാരന്മാർക്കു വേണ്ടി ആവിഷ്ക്കരിച്ച പെൻഷൻ പദ്ധതിയുടെ വിശദാംശം നൽകുമോ ; എത്ര പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | ഡി) | ഈ പദ്ധതി പ്രകാരം 45 വയസ്സിന് മുകളിൽ പ്രായമുള്ള പുരുഷന്മാർക്കും 35 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകൾക്കും (പ്രതിമാസ വരുമാന പരിധി 1500 രൂപ) പ്രതിമാസം 500 രൂപ പെൻഷൻ നൽകി വരുന്നു. സർക്കസ് പ്രകടനത്തിൽ കുറഞ്ഞത് 15 വർഷത്തെ പരിചയം ഉള്ളവർക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. കേരളീയരായ സർക്കസ് കലാകാരന്മാർക്ക് മാത്രമെ ഈ പദ്ധതി പ്രകാരം ധനസഹായത്തിന് അർഹതയുള്ളൂ. സർക്കസ് പ്രകടനത്തിനിടയിൽ അപകടം സംഭവിച്ചവർക്ക് 15 വർഷത്തെ നിബന്ധന ബാധകമല്ല. അപേക്ഷകൻ/അപേക്ഷക ജനന തീയതിയും, വരുമാനവും തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. പെൻഷൻ അർഹത സംബന്ധിച്ച് തഹസീൽദാർ അന്വേഷണം നടത്തി റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്. നിലവിൽ 1149 പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്. |
| ഇ) | പ്രതിമാസ പെൻഷൻ എത്ര രൂപയാണ്; ഇത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ? | ഇ) | പ്രതിമാസ പെൻഷൻ 500 രൂപയാണ്. തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 234 | 21.02.2011ൽ മറുപടിയ്ക്ക് |
|---|---|

ഗാർഹിക പീഡനകേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എൻ. ശക്തൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്തു നടക്കുന്ന ഗാർഹിക പീഡനകേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക കോടതികൾ സ്ഥാപിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; | എ) പരിഗണിക്കാവുന്നതാണ്. |
| (ബി) | ഈ വർഷം ഇതുവരെ സംസ്ഥാനത്ത് ഗാർഹിക പീഡനങ്ങൾ സംബന്ധിച്ച എത്ര കേസുകൾ ഓരോ ജില്ലയിലും ഫയൽ ചെയ്യിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) ഈ വർഷം ഇതുവരെ സംസ്ഥാനത്ത് ഗാർഹിക പീഡനങ്ങൾ സംബന്ധിച്ച് ഫയൽ ചെയ്യിട്ടുള്ള കേസ്സുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | കേസുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 361 |
| കൊല്ലം | 143 |
| പത്തനംതിട്ട | 103 |
| ആലപ്പുഴ | 103 |
| കോട്ടയം | 53 |
| ഇടുക്കി | 38 |
| എറണാകുളം | 60 |
| തൃശ്ശൂർ | 107 |
| പാലക്കാട് | 81 |
| മലപ്പുറം | 73 |
| കോഴിക്കോട് | 65 |
| വയനാട് | 19 |
| കണ്ണൂർ | 46 |
| കാസർഗോഡ് | 50 |
| ആകെ | 1302 |

ഗാർഹിക പീഡനങ്ങൾ സംബന്ധിച്ച് കേരള വനിതാ കമ്മീഷനിൽ ലഭിച്ച പരാതികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 228 |
| കൊല്ലം | 43 |
| പത്തനംതിട്ട | 17 |
| ആലപ്പുഴ | 44 |

| | |
|---|---|
| ഇടുക്കി | 24 |
| കോട്ടയം | 30 |
| എറണാകുളം | 48 |
| തൃശ്ശൂർ | 15 |
| പാലക്കാട് | 18 |
| മലപ്പുറം | 21 |
| വയനാട് | 14 |
| കോഴിക്കോട് | 15 |
| കണ്ണൂർ | 14 |
| കാസർഗോഡ് | 7 |
| ആകെ | 538 |

| | | |
|---|---|---|
| (സി) | ഇപ്പോൾ ഇത്തരം കേസുകൾ തീർപ്പാക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണുള്ളത്; | സി) ഗാർഹിക പീഡനവുമായി ബന്ധപ്പെട്ട കേസ്സുകളിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് മുമ്പാകെ പരാതിക്കാരിയോ, പരാതിക്കാരിക്കുവേണ്ടി മറ്റാരെങ്കിലുമോ പ്രൊട്ടക്ഷൻ ഓഫീസർ മുഖേനയോ, സർക്കാർ അംഗീകരിച്ചിട്ടുള്ള സർവ്വീസ് പ്രൊവൈഡർമാർ മുഖേനയോ പരാതി സമർപ്പിക്കാവുന്നതാണ്. ലഭിക്കുന്ന പരാതിയിന്മേൽ അന്വേഷണം നടത്തി പ്രൊട്ടക്ഷൻ ഓഫീസർ ഡൊമസ്റ്റിക് ഇൻസിഡന്റ് റിപ്പോർട്ട് (DIR) നൽകുന്നു. ടി DIR പരിഗണിച്ചുകൊണ്ട് മജിസ്ട്രേറ്റ് ഇതനുസരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. കോടതി ഉത്തരവുകൾ, നോട്ടീസ് എന്നിവ നടപ്പാക്കുന്നതിനും, ഡി.ഐ.ആർ. തയ്യാറാക്കുന്നതിനും പ്രൊട്ടക്ഷൻ ഓഫീസറുടെ സേവനം ലഭ്യമാക്കുന്നു. അത്യാവശ്യഘട്ടങ്ങളിൽ ഗാർഹിക പീഡനത്തിന് ഇരയായ സ്ത്രീകൾക്ക് താൽക്കാലിക അഭയം നൽകുന്നതിന് എല്ലാ ജില്ലകളിലും ഷെൽട്ടർ ഹോമുകൾ പ്രവർത്തിക്കുന്നു. കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി മുഖേന സൗജന്യ നിയമസഹായം ലഭ്യമാക്കുന്നു. കൗൺസിലിംഗ് ആവശ്യമുള്ള കേസ്സുകളിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നു. പങ്കാളികളായി താമസിച്ച വീട്ടിൽ താമസിക്കുവാനുള്ള അവകാശം, സംരക്ഷണ ഉത്തരവുകൾ, താമസ സൗകര്യത്തിനുള്ള ഉത്തരവുകൾ, ഇടക്കാലത്തേയ്ക്ക് എക്സ് പാർട്ടി ഉത്തരവുകൾ എന്നിവയാണ് പ്രധാനമായും ഇത്തരം കേസ്സുകൾ തീർപ്പാക്കുമ്പോൾ സ്വീകരിച്ചു വരുന്നത്. |

| | | |
|---|---|---|
| (ഡി) | വർദ്ധിച്ചു വരുന്ന ഇത്തരം കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) വർദ്ധിച്ചുവരുന്ന ഇത്തരം കേസ്സുകൾ സമയബന്ധിതമായി കൈകാര്യം ചെയ്ത് തീർപ്പാക്കുന്നതിന് നിലവിലുണ്ടായിരുന്ന 31 പ്രൊബേഷൻ ആഫീസർക്ക് പ്രൊട്ടക്ഷൻ ഓഫീസർമാരുടെ അധിക ചുമതല നൽകിയിട്ടുണ്ട്. കൂടാതെ 14 വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ തസ്തിക സൃഷ്ടിക്കുകയുണ്ടായി. ടി തസ്തികകളിൽ നിയമനം നടത്തിയെങ്കിലും 3 പേർ മാത്രമേ ജോലിയിൽ പ്രവേശിച്ചിട്ടുള്ളൂ. നിയമനം സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷന്മേലുള്ള സ്റ്റേ ഉത്തരവ് കാരണമാണ് 11 പേർക്ക് ജോലിയിൽ പ്രവേശിക്കാൻ സാധിക്കാതെ വന്നത്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനേഴാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 235 | 21.02.2011-ൽ മറുപടിയ്ക്ക് |

**വനിതാ വികസന കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീമതി. ജെ. അരുന്ധതി<br>ശ്രീമതി.കെ. എസ്. സലീഖ** | | **ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി)** |
| (എ) | കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വനിതകളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത്; | എ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വനിതകളുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു;<br>1) ദാരിദ്ര്യരേഖക്ക് താഴെയുള്ള വനിതകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ (6%) സ്വയം തൊഴിൽ പദ്ധതികൾ തുടങ്ങുന്നതിനായി വായ്പ നൽകി വരുന്നു.<br>2) 100% തൊഴിൽ ഉറപ്പ് നൽകുന്നതിനായി ഫിനിഷിംഗ് സ്കൂൾ (REACH ) നടത്തി വരുന്നു.<br>3) ജെൻഡർ ബോധവത്കരണ വീഡിയോ ഡോക്യുമെന്ററികൾ നിർമ്മിച്ച് തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലും കോളേജുകളിലും പ്രദർശിപ്പിച്ചു വരുന്നു.<br>4) വനിതകൾക്കായി ഉള്ളന്ന വിപണന സൗകര്യത്തിനായി വനിതാ ബസാറുകൾ നടത്തിവരുന്നു.<br>5) കേരളത്തിലെ 12 പഞ്ചായത്ത്/മുൻസിപ്പാലിറ്റി/ കോർപ്പറേഷനുകളിൽ വനിതകൾക്കായി കംഫർട്ട് സ്റ്റേഷൻ കം റിട്ടയറിംഗ് റൂം പ്രവർത്തിപ്പിക്കുന്നു.<br>6) NIIT യുമായി ചേർന്ന് തൊഴിലധിഷ്ടിത പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു.<br>7) വനിതകൾക്കായി കേരളത്തിലെ വിവിധ ജില്ലകളിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കി വരുന്നു. |
| (ബി) | വനിതകൾക്ക് സ്വയംതൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിന് കോർപ്പറേഷൻ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; | ബി) വനിതകൾക്ക് സ്വയംതൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിന് കോർപ്പറേഷൻ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകി വരുന്നു. |

<table>
<tr>
<td>(സി)</td>
<td>ഇതിനായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ എത്ര തുക വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;</td>
<td>സി) ഇതിനായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ അനുവദിച്ച തുക ചുവടെ ചേർക്കുന്നു.<br>(രൂപ ലക്ഷത്തിൽ)
<table>
<tr><th>ക്രമ നം.</th><th>കാറ്റഗറി</th><th>2007-08</th><th>2008-09</th><th>2009-10</th></tr>
<tr><td>1</td><td>ന്യൂനപക്ഷ വിഭാഗത്തിലെ വനിതകൾക്ക്</td><td>634.60</td><td>799.10</td><td>794.76</td></tr>
<tr><td>2</td><td>പിന്നോക്ക വിഭാഗത്തിലെ വനിതകൾക്ക്</td><td>102.54</td><td>239.02</td><td>219.96</td></tr>
<tr><td>3</td><td>പട്ടിക ജാതി വിഭാഗത്തിലെ വനിതകൾക്ക്</td><td>81.15</td><td>71.16</td><td>116.81</td></tr>
<tr><td>4</td><td>പൊതു വിഭാഗം</td><td>7.24</td><td>1.00</td><td>96.99</td></tr>
<tr><td></td><td>ആകെ</td><td>825.53</td><td>1110.28</td><td>1228.52</td></tr>
</table>
</td>
</tr>
<tr>
<td>(ഡി)</td>
<td>ഇതിൽ സംസ്ഥാന സർക്കാരിന്റ വിഹിതം എത്രയാണ്; മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് സ്വയം തൊഴിലിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;</td>
<td>ഡി) ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതമായി 2007-08ൽ 40.00 ലക്ഷം രൂപയും, 2008-09-ൽ 55.00 ലക്ഷം രൂപയും, 2009-10ൽ 75.00 ലക്ഷം രൂപയുമാണ് ലഭിച്ചത്.<br>മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നും സ്വയം തൊഴിലിനായി കുറഞ്ഞ പലിശ നിരക്കിൽ വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി 2009-10, 2010-11 (2011 ജനുവരി വരെ) സാമ്പത്തിക വർഷങ്ങളിലായി കോർപ്പറേഷൻ നൽകിയത് 125.34/- ലക്ഷം രൂപയാണ്.</td>
</tr>
</table>

| | | |
|---|---|---|
| (ഇ) | വനിതകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | ഇ) വനിതകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ ഫിനിഷിംഗ് സ്കൂളായ REACH -ൽ 100% തൊഴിൽ സാദ്ധ്യത ഉറപ്പ് വരുത്തുന്ന പരിശീലന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>അക്കാഡമിക് യോഗ്യത നേടിയ പെൺകുട്ടികളെ തൊഴിൽ മേഖലയിലുള്ള മത്സരം നേരിടുന്നതിന് പ്രാപ്തമാക്കുന്ന രീതിയിൽ ഫിനിഷിംഗ് സ്കൂൾ പരിശീലനം നൽകുകയാണ് പ്രധാന പ്രവർത്തനം. REACH -ലെ 70% സീറ്റുകൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള അപേക്ഷകർക്കും 30% സീറ്റുകൾ എ.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്കുമായി സംവരണം ചെയ്തിരിക്കുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് 100% തൊഴിൽ ഉറപ്പ് വാഗ്ദാനം ചെയ്യുന്നുണ്ട്. ഇവിടെ നടപ്പിലാക്കി വരുന്ന കോഴ്സുകൾ ചുവടെ ചേർക്കുന്നു.<br>1) ബി.എഡ് കഴിഞ്ഞവർക്ക് ഇൻഫർമേഷൻ ടെക്നോളജി & കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്.<br>2) നേഴ്സിംഗ് കഴിഞ്ഞവർക്ക് IELTS ഉൾപ്പെടെയുള്ള പരിശീലനം<br>3) ഡിഗ്രി കഴിഞ്ഞവർക്ക് ഓഫീസ് അസിസ്റ്റന്റ് ആകുന്നതിനുള്ള പരിശീലനം (Tally ഉൾപ്പെടെ)<br>4) ഡിഗ്രി കഴിഞ്ഞവർക്ക് കസ്റ്റമർ കെയർ എക്സിക്യൂട്ടീവ് പരിശീലനം.<br>NIIT യുമായി സഹകരിച്ച് 75% തൊഴിലുറപ്പ് നൽകി കൊണ്ടു് വിവിധ കോഴ്സുകളിൽ പെൺകുട്ടികൾക്ക് പരിശീലനം നൽകുന്നു. ഇതിൽ 8000/- രൂപയാണ് ഓരോരുത്തർക്കും കോഴ്സ് ഫീസായി നിശ്ചയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.236 — 21 -02 -2011 - ൽ മറുപടിയ്ക്ക്

## ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ :<br>ശ്രീ. കെ.കെ. ജയചന്ദ്രൻ :<br>ശ്രീ. എ.സി.മൊയ്തീൻ :<br>ശ്രീ. എം.കെ. പുരുഷോത്തമൻ : | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ജില്ലാ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ ഡിസ്ട്രിക്ട് ഹോസ്പിറ്റൽ ആയി ഉയർത്തിയ പേരൂർക്കട നെയ്യാറ്റിൻകര താലൂക്ക് ആശുപത്രികളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടതായ രൂപരേഖ തയ്യാറാക്കി വരുന്നു. പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിൽ വികസന പ്രവർത്തനങ്ങൾക്കായി 10 കോടി രൂപയുടെ മാസ്റ്റർപ്ളാൻ തയ്യാറാക്കി നടപടികൾ നടന്നുവരുന്നു. കൊല്ലം ജില്ല ആശുപത്രിയിൽ പുതുതായി 7 നില കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു. എക്കോ മെഷീൻ, സർജിക്കൽ, ഐ.സി.യൂണിറ്റ് പുനരുദ്ധാരണം, കാഷ്വാലിറ്റി റാംപ് പാലിയേറ്റീവ് കെയർ യൂണിറ്റ്, സി.ടി.സ്കാൻ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഐ.പി.ബ്ളോക്ക്, ഓപ്പറേഷൻ തിയേറ്റർ എന്നിവ പുതുതായി സ്ഥാപിച്ചിട്ടുണ്ട്. കോട്ടയം, എറണാകുളം ജില്ലാ ആശുപത്രികളും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കണ്ണൂർ ജില്ലാ ആശുപത്രിയിൽ സുനാമി ഫണ്ട് ഉപയോഗിച്ച് ബഹു നില കെട്ടിടത്തിൻെറ ഒന്നാം നില പൂർത്തീകരിക്കുകയും പുരുഷ വാർഡിൻെറയും ലേബർ വാർഡിൻെറയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലാ ആശുപത്രിയിൽ എക്കോ കാർഡിയോഗ്രാം സജ്ജമാക്കിയിട്ടുണ്ട്. ആൻറിനേറ്റൽ വാർഡ് സ്റ്റെറിലൈസേഷൻ വാർഡ്, കമ്മ്യൂണിറ്റി ഹാൾ എന്നിവ നവീകരിച്ചു. 10 ലക്ഷം രൂപ ചെലവിൽ 160 കെ.വി. ജനറേറ്റർ സ്ഥാപിച്ചു. ഫിസിക്കൽ |

| | | | |
|---|---|---|---|
| | | | മെഡിസിൻ , അനക്സ് കെട്ടിടം പണി പൂർത്തീകരിച്ചു. ട്രോമാകെയർ യൂണിറ്റ് ഉടൻ പ്രവർത്തനം ആരംഭിക്കും. ജില്ലാ ആശുപത്രിയായി ഉയർത്തിയ മലപ്പുറം, തിരൂർ താലൂക്ക് ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസന നടപടികൾ നടന്നു വരുന്നു. വയനാട് ജില്ലാ ആശുപത്രിയിൽ 120 കിടക്കകളുള്ള വാർഡ് കെട്ടിടത്തിൻെറയും ട്രോമാകെയർ യൂണിറ്റിൻെറയും നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു. 80 കിടക്കകളുള്ള വാർഡ് കെട്ടിടത്തിൻെറ നിർമ്മാണ പ്രവർത്തനം അവസാന ഘട്ടത്തിലാണ്. ഓർത്തോ വിഭാഗത്തിലും ഓപ്പറേഷൻ തിയേറ്ററിലും ആധുനിക സജ്ജീകരണങ്ങൾ ഏർപ്പടുത്തിയിട്ടുണ്ട്. കോഴിക്കോട്, കാസർഗോഡ് പത്തനംതിട്ട, ഇടുക്കി ജില്ലാ ആശുപത്രികളിൽ അടിസ്ഥാന സൗകര്യ വികസന നടപടികൾ നടന്നു വരുന്നു. തൃശൂർ ജില്ലാ ആശുപത്രിയിൽ പുതിയ ഒ.പി. പണിയാനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) | ഏതെല്ലാം താലൂക്ക് ആശുപത്രികളെ ജില്ലാ ആശുപത്രികളാക്കി ഉയർത്തി എന്ന് വെളിപ്പെടുത്തുമോ ; | (ബി) | തിരുവനന്തപുരം : നെയ്യാറ്റിൻകര താലൂക്കാശുപത്രി<br><br>തിരുവനന്തപുരം : പേരൂർക്കട ഗവൺമെൻറ് ആശുപത്രി<br>ആലപ്പുഴ : മാവേലിക്കര താലൂക്കാശുപത്രി<br>എറണാകുളം : ആലുവ താലൂക്കാശുപത്രി<br>മലപ്പുറം : തിരൂർ താലൂക്കാശുപത്രി<br>കോഴിക്കോട് : വടകര താലൂക്കാശുപത്രി |
| (സി) | ജനറൽ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (സി) | തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കേന്ദ്രസർക്കാരിൻെറ സുനാമി പുനരധിവാസ പദ്ധതിപ്രകാരം 3,28,22,206 രൂപ വിനിയോഗിച്ച് പുതിയ കെട്ടിടം നിർമ്മിച്ച് ഉടൻ പ്രവർത്തനമാരംഭിക്കുന്നതാണ്. അത്യാഹിത വിഭാഗം, സർജിക്കൽ ബ്ളോക്ക്, ക്ളിനിക്കൽ ലബോറട്ടറി എന്നിവ നവീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അത്യാഹിത വിഭാഗത്തിൽ എമർജൻസി ഓപ്പറേഷൻ തിയേറ്റർ, ഐ.സി.യു., എക്സ്റേ, ഒബ്സർവേഷൻ വാർഡ് എന്നിവ സജ്ജമാക്കുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാധുനിക സംവിധാനത്തോടെയുള്ള ലാബുകൾ, ബ്ളഡ് ബാങ്കും ഉണ്ട്. സർജിക്കൽ ബ്ളോക്ക് വാർഡുകളിൽ 216 കിടക്കകൾ, 6 |

| | | | |
|---|---|---|---|
| | | | ഓപ്പറേഷൻ തിയേറ്ററുകൾ, ഐ.സി.യൂണിറ്റ് വിത്ത് കാത്ത്ലാബ്, പോസ്റ്റ് ഓപ്പറേഷൻ, പ്രീ ഓപ്പറേഷൻ വാർഡുകൾ ഡോക്ടേഴ്സ്, നഴ്സ് വിശ്രമമുറികൾ എന്നിവ ഒരുക്കിയിട്ടുണ്ട്. സുനാമി പദ്ധതി, എൻ.ആർ.എച്ച്.എമ്മിൻെറ സഹായത്തോടെ വിവിധ വാർഡുകളുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയായി. ഓർത്തോ പീഡിക്സ്, ഇ.എൻ.ടി., സർജിക്കൽ, മെഡിക്കൽ, പീഡിയാട്രിക്, ഡയബറ്റിക്, കാർഡിയോളജി എന്നീ വിഭാഗങ്ങളിൽ ടോക്കൺ സിസ്റ്റം നടപ്പാക്കി. ടോയലറ്റ് സൗകര്യങ്ങളും നടപ്പിലാക്കി. പവർ ലാൺട്രി സ്ഥാപിക്കുന്നതിന് എച്ച്.എം.സി.യെ ചുമതലപ്പെടുത്തി.<br>സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ട്രോമാ കെയർ യൂണിറ്റ് ആരംഭിച്ചു. ആംബുലൻസ് ഇ.സി.ജി., എക്സ്റേ, ലാബ്, അൾട്രാ സൗണ്ട് സ്കാനിംഗ് എന്നീ സേവനം 24 മണിക്കൂറും പ്രവർത്തിക്കുന്നു. പവർ ലാൺട്രി പ്രവർത്തനം തുടങ്ങി.<br>എറണാകുളം ജില്ലയിലെ ജനറൽ ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി എൻ. ബി.എച്ച്. അംഗീകാരം ലഭ്യമാക്കി. 2.5 കോടി രൂപയുടെ വിവിധ റിനോവേഷൻ പ്രവർത്തനങ്ങൾ 40 ലക്ഷത്തോളം രൂപയുടെ കംപ്യൂട്ടർവല്ക്കരണ പരിപാപടികൾ പാലിയേറ്റീവ് കെയർ ട്രെയിനിംഗ് സെൻറർ, 22 ലക്ഷം രൂപ ചിലവിൽ സെൻട്രൽ സ്റ്റെറിലൈസേഷൻ ഡിപ്പാർട്ട്മെൻറ്, 24 മണിക്കൂറും പ്രവർത്തിക്കുന്ന ബ്ളഡ് ബാങ്ക് (ആർ.ഡി.സി.ലാബ്) എക്സ്റേ, സി.ടി.സ്കാൻ സംവിധാനങ്ങൾ നടപ്പാക്കി. ആധുനിക സംവിധാനത്തോടുകൂടിയ മോർച്ചറി, ആംബുലൻസ് സൗകര്യങ്ങൾ ലഭ്യമാക്കി.<br>വയനാട് ജില്ലയിലെ കൽപ്പറ്റ ജനറലാശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബ്ളഡ് സ്റ്റോറേജ് സംവിധാനവും കാര്യക്ഷമമായി ഗൈനക്കോളജി വിഭാഗവും ഉണ്ട്. ട്രൈബൽ മൊബൈൽ യൂണിറ്റും ആംബുലൻസ് സൗകര്യവും ഉണ്ട്. ആർ.എസ്.വി. വൈ.യിൽ 160 ലക്ഷം വകയിരുത്തി പുതിയ കോമ്പൗണ്ടിൽ കൽപ്പറ്റ എ ബ്ളോക്ക് നിർമ്മാണ പ്രവർത്തി പൂർത്തീകരിച്ചു. എൻ.ആർ.എച്ച്.എം. ഫണ്ട് |

| | | | |
|---|---|---|---|
| | | | വകയിരുത്തിക്കൊണ്ട് മെയിൻറനൻസ് വർക്കും നടത്തിയിട്ടുണ്ട്. ലബോറട്ടറിയുടെ പ്രവർത്തനം തുടങ്ങി. ബയോഗ്യാസ് പ്ളാൻറ് സ്ഥാപിച്ചു.<br>കോഴിക്കോട് ജനറലാശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി പുതിയ കിടക്കകൾ, ലബോറട്ടറി ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കി.<br>കാസർഗോഡ് ജനറലാശുപത്രിയുടെ വികസനത്തിനായി പ്ളാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്.<br>പത്തനംതിട്ട ജനറലാശുപത്രിയുടെ വികസനത്തിന് സി.ടി.സ്കാൻ സ്ഥാപിച്ചു. |
| (ഡി) | ഏതെല്ലാം ആശുപത്രികൾ ജനറൽ ആശുപത്രികളായി ഉയർത്തി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചു എന്ന് വ്യക്തമാക്കുമോ ; | (ഡി) | പത്തനംതിട്ട ജില്ലയിലെ അടൂർ സി.എച്ച്.സി.യെ 2008 ൽ ജനറൽ ആശുപത്രിയായി ഉയർത്തി അവിടെ ബഹുനില കെട്ടിട നിർമ്മാണം നടന്നുവരുന്നു. ആലപ്പുഴ ജില്ലാ ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തി സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. മഞ്ചേരി ജില്ലാ ആശുപത്രി ജനറലാശുപത്രിയായി ഉയർത്തി. പുതിയകെട്ടിടം പ്രവർത്തന ക്ഷമമാക്കി. സി.ടി. സ്കാൻ സ്ഥാപിച്ചു. |
| (ഇ) | ഏതെല്ലാം തലത്തിലുള്ള ആശുപത്രികളിൽ ബ്ളഡ് സ്റ്റോറേജ് സൗകര്യം ഏർപ്പടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; ബ്ളഡ് ബാങ്കുകൾ ആധുനിക വൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ) | കമ്മ്യൂണിറ്റി ഹെൽത്ത്സെൻററുകൾ താലൂക്കാശുപത്രികൾ തുടങ്ങി കിടത്തി ചികിത്സയ്ക്കാവശ്യമായ പ്രതിവർഷം 2000 യൂണിറ്റിൽ താഴെ രക്തം ആവശ്യമായി വരുന്നതുമായ ആശുപത്രികളിൽ ആണ് രക്ത സംഭരണം തുടങ്ങാൻ നടപടി സ്വീകരിച്ചുവരുന്നത്.. 9 ബ്ളഡ് ബാങ്കുകളെ രക്തഘടക വേർതിരിക്കൽ യൂണിറ്റുകളാക്കി ഉയർത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

Gopalumar
സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാംകേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.237 21.02.2011 – ൽ മറുപടിക്ക്

## എം.സി.റോഡ് വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ചാഴികാടൻ<br>ശ്രീ.ജോസഫ് എം.പുതുശ്ശേരി<br>ശ്രീ.പി.സി.ജോർജ്.<br>ശ്രീ.റോഷി അഗസ്റ്റിൻ | ശ്രീ. എം.വിജയകുമാർ<br>(ബഹു. നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി) |
| (എ) ചെങ്ങന്നൂർ മുതൽ മൂവാറ്റുപുഴ വരെയുള്ള എം.സി.റോഡ് വികസനം ഏതു ഘട്ടംവരെയായി എന്നറിയിക്കുമോ; | (എ) ചെങ്ങന്നൂർ മുതൽ മൂവാറ്റുപുഴ വരെയുള്ള എം.സി.റോഡിന്റെ പുനർ നിർമ്മാണം കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന് ലോക ബാങ്ക് സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) പ്രസ്തുത റോഡിന്റെ വികസനത്തിനുള്ള സ്ഥലമെടുപ്പ് പൂർത്തീകരിച്ചോ; വിശദാംശങ്ങൾ നൽകുമോ; | (ബി) സ്ഥലമെടുപ്പിന്റെ 99 ശതമാനം പൂർത്തീകരിച്ചു. പലയിടങ്ങളിലായി വിട്ടുപോയിട്ടുള്ള ചെറു തുണ്ടുകളായി കിടക്കുന്ന സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ധ്രുതഗതിയിൽ പുരോഗമിക്കുന്നു. |
| (സി) പ്രസ്തുത റോഡ് വികസനത്തിന് എത്രതുകയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും; വ്യക്തമാക്കുമോ? | (സി) ഉദ്ദേശം 279 കോടി രൂപയാണ് ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നത്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിനു ശേഷമേ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് പറയാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാംകേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.238 21.02.2011 – ൽ മറുപടിക്ക്

## അതിവേഗപാതയുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.എ.ഷുക്കൂർ<br>ശ്രീ.കെ.ബാബു<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. എം.വിജയകുമാർ<br>(ബഹു. നിയമവും മരാമത്തും<br>പാർലമെന്ററി കാര്യവും സ്പോർട്സും<br>വകുപ്പുമന്ത്രി) |

| | ചോദ്യം | | ഉത്തരം |
| --- | --- | --- | --- |
| (എ) | കേന്ദ്രം നടപ്പിലാക്കുന്ന അതിവേഗപാത നിർമ്മാണത്തിൽ സംസ്ഥാ നത്തെ ഏതൊക്കെ സ്ഥലങ്ങൾ ഉൾപ്പെടുത്തണമെന്നത് സംബന്ധിച്ച് അന്തിമ തീരുമാനംകൈക്കൊണ്ടിട്ടുണ്ടോ; | (എ) (ബി) & (സി) | ദേശിയാപാതാ വികസന പദ്ധതിയുടെ ഫേസ് VI-ൽ ഉൾപ്പെടുത്തി അതിവേഗപാത നെറ്റ്‌വർക്ക് നിർമ്മിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ കേന്ദ്ര കരഗതാഗത മന്ത്രാലയം ക്രാഫ്റ്റ്സ് കൺസൾട്ടന്റ്സ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും, ആ സ്ഥാപനം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പേർട്ട് അനുസരിച്ച് കേരളത്തിലൂടെയും, തമിഴ്നാട്ടിലൂടെയുമായി 400 കിലോമീറ്റർ ദൈർഘ്യത്തിൽ തൃശ്ശൂർ കന്യാകുമാരിപാതാ നാഷണൽ എക്സ്പ്രസ് വേ നെറ്റ്‌വർക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇതിനായി രൂപീകൃതമായ കൺസൾട്ടൻസി സ്ഥാപനം ഇത് സംബന്ധിച്ച അന്തിമ റിപ്പോർട്ട് സമർപ്പിച്ചിരുന്നുവോ; | | |
| (സി) | തൃശ്ശൂർ മുതൽ കന്യാകുമാരി വരെയുള്ള ഭാഗം ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന കാര്യത്തിൽ എന്ത് തീരുമാനമാണ് അവസാനമായി സ്വീകരിച്ചത്; | | |

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതിയനുസരിച്ച് സംസ്ഥാനത്തെ ഏതൊക്കെ സ്ഥലങ്ങൾ ഉൾപ്പെടുത്തണമെന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ ഇതുവരെ എന്തൊക്കെ നിർദ്ദേശങ്ങൾ കേന്ദ്രത്തിന് സമർപ്പിച്ചു എന്ന് വിശദമാക്കുമോ? | (ഡി) | ഈ പാത തൃശ്ശൂരിനപ്പുറത്ത് വടക്കോട്ട് കാസർഗോഡ് വരെ നീട്ടണമെന്ന് 28.10.2009 - ലെ കത്ത് പ്രകാരം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 239 21.02.2011-ൽ മറുപടിയ്ക്ക്

## ഡാമുകളുടെ നവീകരണം

**ചോദ്യം** | **ഉത്തരം**

ശ്രീ. എം.എ.വാഹീദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. റ്റി.എൻ.പ്രതാപൻ :

ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ
ജലസേചന വകുപ്പുമന്ത്രി

| | |
|---|---|
| എ) സംസ്ഥാനത്തെ അണക്കെട്ടുകൾ ബലപ്പെടുത്താനും, കാര്യക്ഷമമാക്കാനുമുള്ള ലോക ബാങ്കിന്റെ ഡ്രിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഏതൊക്കെ ഡാമുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കാണ് ലോക ബാങ്ക് അംഗീകാരം നൽകിയിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ; | (എ) ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 19 അണക്കെട്ടുകളും കേരള വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള 12 പദ്ധതികളുമാണ് ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയത്. ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡാമുകൾ താഴെ പറയുന്നു. പീച്ചി, വാളയാർ, നെയ്യാർ, മലമ്പുഴ, കുറ്റ്യാടി, കാഞ്ഞിരപ്പുഴ, വാഴാനി, ചിമ്മിനി, മലങ്കര, മംഗലം, പോത്തുണ്ടി, മീൻകര, കല്ലട, ശിരുവാണി, ചുള്ളിയാർ , പഴശ്ശി ബാരേജ്, പമ്പാ(മണിയാർ) ബാരേജ്, ഭൂതത്താൻകെട്ട് ബാരേജ്, മൂലത്തറ റെഗുലേറ്റർ<br>വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള പദ്ധതികൾ താഴെ പറയുന്നവയാണ്.<br>പെരിങ്ങൽകുത്ത്, ഷോളയാർ, ശബരിഗിരി, ചെങ്കുളം, ഇടുക്കി, നേര്യമംഗലം, ലോവർ പെരിയാർ, കക്കാട്, ഇടമലയാർ, കുറ്റ്യാടി, പന്നിയാർ, പള്ളിവാസൽ |
| ബി) ഇതിനായി എത്ര കോടി രൂപയുടെ പദ്ധതിയ്ക്കാണ് ലോകബാങ്ക് ഇതുവരെ അംഗീകാരം നൽകിയിട്ടുള്ളത്; | (ബി) ജലസേചന വകുപ്പിനായി 111.7 കോടി രൂപയുടെയും, സംസ്ഥാന വൈദ്യുതി ബോർഡിനു വേണ്ടി 99.47 കോടി രൂപയുടെയും ഉൾപ്പെടെ ആകെ 211.17 കോടി രൂപയുടെ സംക്ഷിപ്ത റിപ്പോർട്ട് കേന്ദ്ര ജലകമ്മീഷനു് സമർപ്പിക്കുകയും, ലോകബാങ്ക് അധികൃതർ ഇത് തത്വത്തിൽ അംഗീകരിക്കുകയും 280 കോടി രൂപ ഇതിലേയ്ക്കായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ലോകബാങ്ക് സഹായം ലഭ്യമാക്കാൻ ഏതൊക്കെ ഡാമുകളുടെ പേരുകളാണ് സമർപ്പിച്ചിരുന്നത്. | (സി) ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പീച്ചി, വാളയാർ, നെയ്യാർ, മലമ്പുഴ, കുറ്റ്യാടി, കാഞ്ഞിരപ്പുഴ, വാഴാനി, ചിമ്മിനി, മലങ്കര, മംഗലം, പോത്തുണ്ടി, മീൻകര, കല്ലട, ശിരുവാണി, ചുള്ളിയാർ, പഴശ്ശി ബാരേജ്, പമ്പാ(മണിയാർ) ബാരേജ്, ഭൂതത്താൻകെട്ട് ബാരേജ്, മൂലത്തറ റെഗുലേറ്റർ എന്നിവയുടെയും വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള പെരിങ്ങൽകുത്ത്, ഷോളയാർ, ശബരിഗിരി, പൊങ്കുളം, ഇടുക്കി, നേര്യമംഗലം, ലോവർ പെരിയാർ, കക്കാട്, ഇടമലയാർ, കുറ്റ്യാടി, പന്നിയാർ, പള്ളിവാസൽ എന്നിവയുടെയും പേരുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഡി) ഇപ്പോൾ അംഗീകരിച്ച ഡാമുകളുടെ മുൻഗണന നിശ്ചയിക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിച്ചിരുന്നത് എന്ന് വെളിപ്പെടുത്തുമോ? | (ഡി)ഡാമുകളുടെ കാലപ്പഴക്കമാണ് മുൻഗണന നിശ്ചയിക്കുന്നതിന് പ്രധാന മാനദണ്ഡമായി സ്വീകരിച്ചിരിക്കുന്നത്. കേരള ഡാം സേഫ്റ്റി അതോറിറ്റിയാണ് ഒന്നാംഘട്ടത്തിലെ പദ്ധതികളെ തിരഞ്ഞെടുത്തത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 240 — 21.02.2011—ൽ മറുപടിക്ക്

## ചവറയിൽ പി വി സി പൈപ്പ് ഫാക്ടറി ആരംഭിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി.രാഘവൻ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. സി.കെ. സദാശിവൻ<br>,, എ.എം. ആരിഫ് | ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |

(എ) ജല അതോറിറ്റിക്ക് കീഴിൽ ചവറയിൽ പി വി സി പൈപ്പ് ഫാക്ടറി ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(എ) ചവറയിൽ ഒരു പി.വി.സി പൈപ്പു നിർമ്മാണ ഫാക്ടറി തുടങ്ങുവാനുള്ള പദ്ധതി സർക്കാരിൻെറ 2006—ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടതാണ്. ഇതിനായി ഒരു പ്രോജക്ട് തയ്യാറാക്കി കിറ്റ്കോ വിലയിരുത്തുകയും 19.08.2008—ൽ 593 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തു.

പദ്ധതി നടത്തിപ്പിനായി രണ്ടു തവണ ദർഘാസുകൾ ക്ഷണിച്ചു. രണ്ടു തവണയും ഒരു കമ്പനി മാത്രമാണ് ദർഘാസ് നൽകിയത്. സാമ്പത്തികമായും സാങ്കേതികമായുമുള്ള നിശ്ചിത യോഗ്യതയില്ലാത്തതിനാൽ രണ്ടു തവണയും ദർഘാസ് റദ്ദാക്കേണ്ടി വന്നു.

തുടർന്ന് 10.12.2010—ൽ ചേർന്ന ജല അതോറിറ്റി ബോർഡ് പദ്ധതി നടത്തിപ്പിനായി പൊതുമേഖലാ സ്ഥാപനങ്ങളെ ക്ഷണിക്കാൻ തീരുമാനിച്ചു. ഇതിൻ പ്രകാരം ആറു പൊതുമേഖലാ സ്ഥാപനങ്ങൾ താൽപര്യപത്രം നൽകുകയും ചെയ്തു. ഇവയിൽ നിന്നും HLL ലൈഫ് കെയർ ലിമിറ്റഡ്, സിഡ്കോ എന്നീ സ്ഥാപനങ്ങളെ ഷോർട്ടുലിസ്റ്റു ചെയ്തു ഓഫർ വാങ്ങുകയുണ്ടായി. അതിൻപ്രകാരം M/s HLL ലൈഫ് കെയർ ലിമിറ്റഡ് എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തെ പദ്ധതി നടത്തിപ്പിനായി തിരഞ്ഞെടുക്കുകയും ചെയ്തു സമയ

ബന്ധിതമായി പദ്ധതി പൂർത്തിയാക്കാൻ കേരള വാട്ടർ അതോറിറ്റി M/s HLL ലൈഫ് കെയർ ലിമിറ്റഡുമായി 08.02.2011—ൽ ഒരു ധാരണ പത്രം ഒപ്പുവെച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഫാക്ടറിയുടെ നിർമ്മാണ ചുമതല ഏതു കമ്പനിയെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | (ബി) | ഫാക്ടറിയുടെ നിർമ്മാണ ചുമതല കേന്ദ്ര സർക്കാരിൻെറ പൊതു മേഖലാ സ്ഥാപനമായ HLL ലൈഫ് കെയർ ലിമിറ്റഡിനെയാണ് തിരഞ്ഞെടുത്തിരി ക്കുന്നത്. |
| (സി) | ഫാക്ടറിയുടെ നിർമ്മാണത്തിന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ? എങ്കിൽ ധാരണാ പത്രത്തിൻെറ വിശദാംശം നൽകുമോ; | (സി) | ഫാക്ടറിയുടെ നിർമ്മാണത്തിനായി ധാരാണ പത്രം ഒപ്പു വച്ചിട്ടുണ്ട്. ധാരണ പത്ര പ്രകാരം കേരള ജല അതോറിറ്റിക്കുവേണ്ടി HLL ലൈഫ് കെയർ ലിമിറ്റഡ് പി വി സി ഫാക്ടറി സ്ഥാപിച്ച് കമ്മീഷൻ ചെയ്യുകയും മൂന്നു മാസക്കാലം പരീക്ഷണോൽപ്പാദനം നടത്തുകയും ചെയ്യും. അതിനുശേഷം ഫാക്ടറി നടത്തിപ്പ് ജല അതോറിറ്റിയ്ക്ക് കൈമാറും. പദ്ധതി 15 മാസത്തിനകം പൂർത്തീകരിക്കും. എസ്റ്റിമേറ്റ് തുകയുടെ പത്തു ശതമാനം HLL ലൈഫ് കെയർ ലിമിറ്റഡിന് ഫീസായി നൽകും. |
| (ഡി) | പദ്ധതിയ്ക്ക് എത്ര കോടി രൂപ ചെലവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ? | (ഡി) | ഫാക്ടറിയുടെ നിർമ്മാണത്തിനായി ഉദ്ദേശം 325.60 ലക്ഷം രൂപ ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ ഈ മാസം ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ഇ) | പദ്ധതി പൂർത്തിയാകുമ്പോൾ എത്ര പേർക്ക് തൊഴിൽ ലഭിക്കും എന്ന് വ്യക്തമാക്കുമോ? | (ഇ) | പദ്ധതി പൂർത്തിയാകുമ്പോൾ നേരിട്ട് 16 പേർക്ക് തൊഴിൽ ലഭിക്കും. |

സെക്ഷൻ ഓഫീസർ